

# ജീവന്റെ വഴികൾ

## TO HIS WILL

Bloom where he planted you;
Bloom amongst the thorn, shrubs & bushes
Bloom yourself into-
His thoughts and will for you

He bloomed himself to the Heavenly will
To lighten our hearts with his ‘Agape’ Love
The father has bestowed
Upon him

He was that fragrance none can smell,
He was that eternal luminance none can see
And he was ‘The Truth’
That none can ever define themselves

Let us bloom to
His ways & will
Crushing the odd and evils we face;
Along life’s long way ahead

Together with all who are around us,
We shall get into-
The ‘Call of Eternity’
With which his son was glorified

(ST.JOHN 6-38-40)

All Rights Reserved by the Author

August 2006

# “JEEVANDAYE VAZHIGAL”

Malayalam

Conceived, Written and Published by:

**Suja George**

Giri Nagar
Kadavanthra.P.O.
Kochi-682020.

## സമർപ്പണം

അപ്പോ. പ്രവൃത്തികൾ 4.18 പിന്നെ അവരെ വിളിച്ചിട്ട് യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത്, ഉപദേശിക്കുകയും അരുത് എന്ന് കല്പിച്ചു. അതിന് പത്രോസും, യോഹന്നാനും ''ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്ന് വിധിക്കുവിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിക്കുവാൻ കഴിയുന്നതല്ല '' എന്ന് ഉത്തരം പറഞ്ഞു. 4.29 ''ഇപ്പോഴോ കർത്താവേ, അവരുടെ ഭീഷിണികളെ നോക്കേണമേ, സൗഖ്യമാക്കുവാൻ നിന്റെ കൈനീട്ടുന്നതിനാലും നിന്റെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്താൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും നിന്റെ വചനം പൂർണ്ണ ധൈര്യത്തോടു കൂടെ പ്രസ്താവിക്കുവാൻ നിന്റെ ദാസന്മാർക്കു കൃപ നൽകേണമേ''. ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു.

കർത്താവേ ബലഹീനയും പാപിയുമായ എന്റെ ഈ കാഴ്ചയെ അനുഗ്രഹിക്കേണമേ.

✷✷✷

## ഇതളുകൾ


1. ദൈവവചനം മിഥ്യയോ......... സത്യമോ?
2. ദൈവഹിതം
3. ദൈവഭക്തിയും ദൈവീകജ്ഞാനവും
4. രക്ഷയുടെ വഴി
5. ക്രിസ്തുവിന്റെ പടയാളി
6. കാനാൻദേശം
7. വിശുദ്ധ കുമ്പസാരം
8. വിശുദ്ധ കുർബ്ബാനയും ആത്മീയ നൽവരങ്ങളും
9. അഭയ യാചനകൾ
10. ശത്രുക്കളെ സ്നേഹിക്കുകയോ?
11. ചിന്താവിഷയം - ദൈവഭക്തി
12. ജീവന്റെ അപ്പം
13. Living in christ


✷✷✷

## ദൈവവചനം മിഥ്യയോ... സത്യമോ?

**യോഹ 1-1 "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവം ആയിരുന്നു.... വചനം ജഡമായി നമ്മുടെയിടയിൽ വസിച്ചു-കൃപയും സത്യവും നിറഞ്ഞവനായി.........."**

ദൈവവചനം ദൈവത്തിന്റേതാകുന്നു. അവനിൽ മാത്രമായി രൂപപ്പെടുന്നു. വീണ്ടും നാം പഠിക്കുന്നു. ദൈവം സ്നേഹം ആകുന്നു. (1യോഹ 4.8) ഒരു നദി ഒഴുകുന്നു. അവിടെ ജീവനെ നാം ദർശിക്കുന്നു. ഒരു തടാകത്തെ നമുക്കു നോക്കാം. അവിടെ എല്ലാം നിശ്ചലമായികിടക്കുന്നു. അവിടെ ജീവന്റെ അനുഭവത്തെ കാണുവാൻ സാധിക്കുന്നില്ല. നദി ഒഴുകുന്ന വഴി ഫലഭൂയിഷ്ടമായിത്തീരുന്നു. (സങ്കീ 1; എസ.47) അവിടെയെല്ലാം ജീവന്റെ അനുഭവം ഉണരുന്നതായി നമുക്കു കാണുവാൻ സാധിക്കുന്നു.

നമ്മിൽ വസിക്കുന്ന ദൈവം ജീവനുള്ളവനാകുന്നു. അവനിൽ സ്നേഹം നിറഞ്ഞിരിക്കുന്നു. അവനിൽ വചനം ഒരു യാഥാർത്ഥ്യമാകുന്നു. ഇപ്രകാരം ജീവന്റെ ഈ അനുഭത്തിൽ നദി ഒഴുകുന്നതുപോലെ ദൈവവചനം നമ്മിൾ നിന്നും ഒഴുകികൊണ്ടിരിക്കണം. കാരണം വചനമാകുന്ന ദൈവം വസിക്കുന്നയിടമെല്ലാം ഫലഭൂയിഷ്ടമായിത്തീരുന്നുവെന്ന് സങ്കീർത്തനക്കാരൻ നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നേഹമാകുന്ന ദൈവം, വചനമായി, ജഡമായി, ആത്മാവിൽ നമ്മിൽ ഉണർന്നെഴുന്നേൽക്കുമ്പോൾ നമ്മുടെ ജീവിതം അർത്ഥവത്താകുന്നു. അത് മരണത്തിൽ നിന്നും ഉയിർത്ത് നിത്യമായ ജീവനിലേക്കു പ്രവേശിക്കുന്നു. കാരണം ദൈവമെന്ന സത്യം സ്നേഹമെന്ന കല്പനയിൽ അധിഷ്ടിതമായിരിക്കുന്നു.
(1 കൊറി. 13:4–8)

വചനം ജഡമായിത്തീർന്ന് കൃപയും സത്യവും നിറഞ്ഞവനായി നമ്മിൽ വസിക്കുന്നു. കൃപ ദൈവത്തിന്റെ ദാനമാകുന്നു. സത്യം അവൻ എന്ന വെളിച്ചവും തന്നെ. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു". (യോ 8.12). ദൈവവചനത്തെ നാം തടസപ്പെടുത്തുമ്പോൾ കൃപയും സത്യവും നമ്മിൽ നിന്നും അകന്നുപോകുന്നു. ദൈവസ്നേഹമെന്ന അനുഭവം നമ്മിൽനിന്നും മാറിപോകുന്നു. ദൈവവചനത്തോട് നാം എതിർത്തുനിൽക്കുമ്പോൾ കൃപയുടെ വഴികളെ തടസ്സപ്പെടുത്തുന്നതായിത്തീരുന്നു.

വചനം ജഡമായി നമ്മുടെ ഇടയിൽ പാർത്തു. യേശുവിന്റെ പുനരുത്ഥാനത്തിലൂടെ നമുക്ക്ദാനമായി ലഭിച്ച പരിശുദ്ധാത്മാവിനെയാകുന്നു ഈ ദൈവീകവചനങ്ങളിൽ നാം ദർശിക്കുന്നത്. കർത്താവിനെ വിശ്വസിച്ച് ആ ദൈവമാകുന്ന വചനത്തെ ഏറ്റുപറയുന്നവന്റെ ഹൃദയത്തിൽ ദൈവാത്മാവ് വസിക്കുന്നതായി കാണാം. അതുകൊണ്ടുതന്നെ ദൈവവചനം സത്യപൂർവ്വമായി പ്രഘോഷിക്കുന്നവന്റെ ഹൃദയത്തിൽ ദൈവാത്മാവ് വസിക്കുന്നു എന്ന് സാക്ഷീകരിക്കാം. ദൈവത്തിന്റെ വചനത്തെ പ്രഘോഷിക്കുന്നവനെ നിന്ദിക്കുന്നവർ ദൈവത്തെത്തന്നെയാകുന്നു നിന്ദിക്കുന്നത്. അത് അവന് ശാപമായിത്തീരുന്നു. (റോമ. 10.9).

ദൈവവചനത്തെ തടസ്സപ്പെടുത്തുന്നവൻ ദൈവത്തെയാകുന്നു തടസ്സപ്പെടുത്തുവാൻ ശ്രമിക്കുന്നത്. എന്നാൽ ദൈവമെന്ന സത്യത്തെ ഈ ലോകത്തിലെ ഒരു ശക്തിയ്ക്കും തളച്ചി

ടാനാവുകയില്ല. നാം അനുഭവിക്കുന്ന എല്ലാ അധികാരങ്ങളും ദൈവത്തിന്റെ ദാനം മാത്ര മാകുന്നു. (യോഹ 13.16) ഭൃത്യൻ യജമാനനേക്കാൾ വലിയവനല്ല. അയയ്ക്കപ്പെട്ടവൻ അയച്ചവനേക്കാൾ വലിയവനല്ല. അതുകൊണ്ടുതന്നെ ഏതൊരധികാരത്തേയും വിധിക്കു വാൻ തക്കവണ്ണം ദൈവം ശക്തമാകുന്നു. ദൈവനീതി മനുഷ്യന്റെ ബുദ്ധിക്ക് അതീതമാ കുന്നു. (മത്തായി 19.30) ''മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പൻമാരുമാകും''.

(ലൂക്കോസ് 10.42) ''മറിയം നല്ലഭാഗം തെരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല''. (മത്തായി 13.12) ''ഉള്ളവനു നൽകപ്പെടും. അവനു സമൃദ്ധിയുണ്ടാ വുകയും ചെയ്യും. ഇല്ലാത്തവനിൽ നിന്ന് ഉള്ളതുപോലെ എടുക്കപ്പെടും''. ഈ ദൈവീക വചനങ്ങളെ നാം നമ്മുടെ ഹൃദയത്തിൽ സൂക്ഷിച്ചു കൊള്ളേണം. കാരണം നമുക്കു നൽക പ്പെട്ടിട്ടുള്ള നൽവരങ്ങൾ ദൈവഹിതത്തിന് അനുസൃതമായി ഉപയോഗിക്കപ്പെട്ടില്ലെങ്കിൽ അവ നമ്മിൽ നിന്ന് കാലത്തികവിൽ എടുത്തുമാറ്റപ്പെടുകയും നമുക്ക് പശ്ചാത്തപിക്കുവാൻ അവ സരം ലഭിക്കാതിരിക്കുകയും ചെയ്യും.

യോഹന്നാൻ തന്റെ സുവിശേഷത്തിലൂടെ ദൈവവും പിതാവുമായവന്റേയും, പുത്ര ന്റേയും, പരിശുദ്ധാത്മാവിന്റേയും വലിയ സാക്ഷ്യങ്ങൾ നമ്മിലേക്കു പകർന്നു തരുന്നു. (യോഹ 14:12, 17:20,15:4, 15:7) ഇപ്രകാരം വചനമാകുന്ന ദൈവത്തെ പരിശുദ്ധാത്മാവിന്റെ നിറ വിൽ സ്വീകരിച്ച് വചനം പുറപ്പെടുവിക്കുന്നവരായി നാം ജീവിക്കണം. യേശു നല്ല ഇടയനാ കുന്നു. എന്നു നാം പഠിക്കുന്നു. യേശുവിനെ വഹിക്കുന്നവരായ നാമെല്ലാവരും തന്നെ ആ ഇടയന്റെ അനുഭവത്തോട് ചേർന്നിരിക്കേണ്ടത് ആവശ്യമാകുന്നു.

കർത്താവിന്റെ കുരിശിന്റെ ചുവട്ടിൽ പാവപ്പെട്ട കുറച്ചു സ്ത്രീകളെ നാം കാണുന്നു. അവന്റെ മരണംവരേയും അവർ അവനോടൊപ്പം ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ, യേശു തന്റെ ഉയർപ്പിന്റെ അനുഭവം ആദ്യമായി അനുഭവിക്കുവാൻ തക്കവണ്ണം അവരെ ഒരുക്കി. ഉയർപ്പിന്റെ അനുഭവം ശിഷ്യന്മാരെ അറിയിക്കുവാൻ യേശു അവരെ കല്പിച്ചാക്കി (മത്തായി 28.3) വചനം ജഡമായിത്തീർന്ന യേശുവിനെ അവരെപ്പോലെ നാമും സ്വീകരിക്കുമ്പോൾ ആ ഉയർപ്പിന്റെ ദിവ്യാനുഭവം മറ്റുള്ളവരിലേക്കു പകരുവാൻ ദൈവം നമ്മേയും കല്പിച്ചാ ക്കുന്നു. ഇത് ഒരു വലിയ ആത്മീയ സത്യമാകുന്നു.

സഭയുടെ കൂദാശകൾ ദൈവവചനത്താൽ നടത്തപ്പെടുന്നു. ദൈവവചനത്തെ നാം മാനിക്കുന്നില്ലായെങ്കിൽ കൂദാശകൾ വെറും ചടങ്ങായിത്തീരുന്നു. ആത്മീയഫലങ്ങൾ നഷ്ട മാക്കപ്പെടുന്നു. ദൈവവചനത്താൽ കൂട്ടിച്ചേർക്കപ്പെടുന്ന സ്ത്രീയും പുരുഷനും ആ വചന ത്തോട് ചേർന്ന് ജീവിക്കേണ്ടതാവശ്യമാകുന്നു. അപ്രകാരമുള്ള കുടുംബം ഇമ്പമുള്ളതായി ത്തീരുന്നു.

ദൈവവചനം ഒരു ആവശ്യമായി ആഗ്രഹിക്കുമ്പോൾ മാത്രമേ ദൈവീകശക്തി നാം അനുഭവിക്കുന്നുള്ളു, (2 തെസ 15) ''നിങ്ങൾ യാതൊന്നിനുവേണ്ടി പീഢയനുഭവിക്കുന്നവോ ആയതു തന്റെ ആ രാജ്യത്തിന് നിങ്ങൾ അർഹരാകുന്നു എന്ന് ദൈവത്തിന്റെ നീതിയുള്ള വിധിയുടെ തെളിവിനുവേണ്ടിയത്രേ''. വീണ്ടും നാം കാണുന്നു. (റോ.4.17) ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല. പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോ

ഷവുമാണ്. ഇപ്രകാരം പരിശുദ്ധാത്മാവിലുള്ള സന്തോഷവുംസമാധാനവും നീതിയും നമ്മിൽ നിറയ്ക്കുവാൻ നാം ദൈവത്തോടു കടപ്പെട്ടവരാകുന്നു. ദൈവമാകുന്ന വചനത്തെ പ്രഘോഷിക്കുന്നതിൽ കൂടി ആ സന്തോഷം നാം മുറ്റുള്ളവരിലേക്കും പകരുന്നു.

എന്നാൽ മത്തായി 15.6 ൽ ദൈവവചനത്തെ വ്യർഥമാക്കാതെ ദൈവത്തെ വ്യർഥമായി ആരാധിക്കാതെ അവനെ അത്മാവിലും സത്യത്തിലും ആരാധിക്കുക. ദൈവം നമ്മോടു കൂടെ തന്നെ (യോഹ 4.24)

ഇപ്രകാരം നാം അനുഭവസ്ഥരാകുന്നു ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളേയും, നിയോഗങ്ങളേയും വിവേചിക്കുന്നതുമാണ്, അവന്റെ മുൻപിൽ ഒരു സൃഷ്ടിയും മറഞ്ഞിരിക്കുന്നില്ല. അവിടുത്തെ കൺമുൻപിൽ സകലതും അനാവൃതവും വ്യക്തവുമാണ്.

വചനം കേട്ട് ഗ്രഹിക്കുന്നവൻ നല്ല നിലത്തു വീണ വിത്തുപോലെയാകുന്നു. അവൻ നൂറുമേനിയും അറുപതുമേനിയും ഫലം പുറപ്പെടുവിക്കുന്നവനാകുന്നു. (മത്തായി 13:23) നമുക്കും അപ്രകാരം ഒരു അനുഭവത്തിലേക്ക് കടന്ന് ദൈവവചനത്തെ സത്യമാക്കി മാറ്റിയെടുക്കുവാൻ തക്കവണ്ണം ദൈവത്തോട് പ്രാർതഥിക്കാം.

✸✸✸

## ദൈവഹിതം

***എശയ്യ 53.10 "അവിടുന്നാണ് അവനെ ക്ലേശങ്ങൾക്ക് വിട്ടുകൊടുത്തത് പാപപരിഹാര ബലിയായി തന്നെത്തന്നെ അർപ്പിക്കുമ്പോൾ അവൻ തന്റെ സന്തതിപരമ്പരയെ കാണുകയും ദീർഘായുസ്സു പ്രാപിക്കുകയും ചെയ്യും. കർത്താവിന്റെ ഹിതം അവനിലൂടെ നിറവേറുകയും ചെയ്യും".***

നാം ഒരോരുത്തരേയും സംബന്ധിച്ച് ഒരു പദ്ധതി ദൈവമായ കർത്താവു തന്റെ പുസ്തകത്തിൽ ഒരുക്കിയിരിക്കുന്നതായി കാണുന്നു. തന്റെ ഒരോ സൃഷ്ടിയും ദൈവീക പദ്ധതിയിൽ നടന്നുകാണണമെന്നത് ദൈവമായ കർത്താവ് ആഗ്രഹിക്കുന്നു. ഇപ്രകാരം തന്നെ യാകുന്നു പിതാവായദൈവം തന്റെ ഏകജാതനെ ലോകത്തിന്റെ പാപപരിഹാരബലിയായി കുരിശുമരണത്തിനു ഏല്പിച്ചുകൊടുക്കുന്നത്. പിതാവിന്റെ ഹിതം അറിവായിരുന്ന യേശു നിന്റെ ഇഷ്ടം നിറവേറട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് സ്വയം ക്രൂശിലേയ്ക്ക് നടന്ന് മരണം വരിക്കുന്നതായി കാണുന്നു. കുരിശിലെ തന്റെ സഹനത്തിനു പരിഹാരമായി ദൈവ മഹത്വം തന്റെ മക്കൾക്ക് കാണിച്ചുകൊടുക്കുവാനുള്ള അവസരം സ്വന്തം പുത്രന്റെ ബലിയർപ്പണത്തിൽ കൂടി പിതിവ് ഈ ലോകത്തിനു അനുഭേദ്യമാക്കിത്തീർക്കുന്നു. യേശുവന്റെ ഉയർപ്പിൽക്കൂടി ദൈവ മഹത്വം അനുഭവച്ചറിഞ്ഞ ജനത തന്റെ മക്കളോട് ചേർന്ന് ദൈവരാജ്യത്തിന്റെ അവകാശത്തിനായി ജീവന്റെ അനുഭവത്തിലേയ്ക്ക് കടക്കുന്നു. ഇപ്രകാരം പിതാവ് തന്റെ പുത്രന്റെ ബലിയർപ്പണത്തിൽ കൂടി ഈ ലോകത്തെ തന്റെ അടുത്തേയ്ക്ക് അടുപ്പിക്കുവാൻ ഇടയാക്കുന്നു.

ഇവിടെ നാം കാണുന്ന ദൈവഹിതം ദൈവത്തിന്റെ ഹൃദയാഭിലാഷമാകുന്നു. പിതാവിന്റെ ഈ ഹൃദയാഭിലാഷത്തിൽ ഒരു ദൈവീക പദ്ധതി ഉൾപ്പെടുന്നു. ദൈവമക്കളാകുന്ന നാം ഒരോരുത്തരും തന്നെ ഇപ്രകാരം യേശുവിന്റെ ജിവിത സാക്ഷ്യം തങ്ങളുടെ ജീവിതത്തിൽ പകർത്തേണ്ടതാകുന്നു. എഫേസോസുകാർക്ക് വിശുദ്ധ പൗലോസ് എഴുതിയ ലേഖനത്തിൽ ഇത് അടിയുറപ്പിച്ച് വിവരിച്ചിരിക്കുന്നതായി കാണുവാൻ സാധിക്കും. (എഫേസോസ് 1.11) തന്റെ ഹിതമനുസരിച്ച് എല്ലാം പൂർത്തിയാക്കുന്ന അവിടുന്നു തന്റെ പദ്ധതിയനുസരിച്ച് അവനിൽ നമ്മെ മുൻകൂട്ടി തെരഞ്ഞെടുത്തു നിയോഗിച്ചു. പാപങ്ങൾ മൂലം മരിച്ചവരായിരുന്നു നമ്മെ കർത്താവിന്റെ ഉർപ്പിന്റെ അനുഭവത്തിൽ കൂടി പിതാവ് ജീവിപ്പിക്കുന്നു. ഇപ്രകാരം സ്വയത്തെ ബലിയർപ്പിച്ചുകൊണ്ടുള്ള ജീവിതത്തിൽ പിതാക്കന്മാരുടെ പാപങ്ങളെ മായിച്ചു കളയുവാനും വരും തലമുറകളെ അനുഗ്രഹത്തിന്റെ പാതയിലേക്ക് ഒരുക്കുവാനും ദൈവം നമ്മെ സഹായിക്കുന്നു.

നമ്മുടെ മക്കളാകുന്നു നമ്മുടെ പ്രതീക്ഷ. അവരിലേയ്ക്കു ദൈവകോപം വ്യാപിക്കാതിരിക്കുവാൻ തക്കവണ്ണം അവരെ സംരക്ഷിക്കേണ്ടത് സന്തതിപരമ്പരയുടെ ദീർഘായുസ്സിന്റെ ആവശ്യമാകുന്നു. പിതാക്കൻമാരുടെ പാപങ്ങൾക്ക് മൂന്നും നാലും തലമുറകൾവരേയും ശപിക്കപ്പെട്ടതായിത്തീരുന്നതായി നാം പഠിക്കുന്നു പുറപ്പാട് (34. 5 7,നിയമ 5 9 10 ലേവ്യർ 26-3-4) ഈ ശാപം പിശാചുക്കളുടെ വാസസ്ഥലമായി ഭവനങ്ങളെ രൂപീക രിക്കുന്നു. അപ്രകാരം മക്കൾ പൈശാചികത്വത്തോട് ചേർന്നു ജീവിക്കുവാൻ ഇടയാകു കയും ദൈവാനുഗ്രഹം അവരെ വിട്ടുപിരിയുകയും ചെയ്യുന്നു. ഈ അനുഭത്തിൽനിന്നും സന്തതിപരമ്പരയെ അനുഗ്രഹീതമാക്കിത്തീർക്കുവാൻ തക്കവണ്ണം നാം നമ്മുടെ സ്വയത്തെ ബലിയർപ്പിക്കേണ്ടിയിരിക്കുന്നു. ദൈവത്തോട് ചേർന്നിരുന്നുകൊണ്ട് ഈ പൈശാചികത്വ ത്തോട് സഹനത്തിൽക്കൂടി പോരാടി നമ്മുടെ കർത്താവിന്റെ ഉയർപ്പ് നമ്മുടെ ഭവനത്തിൽ അനുഭവമാക്കിത്തീർത്തുകൊണ്ട് തലമുറകളെ അനുഗ്രഹീതമാക്കിത്തീർക്കാം.

(സങ്കീ 111.10) ''ദൈവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു.'' ദൈവ ഭക്തിയിലൂടെ ദൈവീക ജ്ഞാനം നമ്മിൽ വളരുകയും പിശാചിന്റെ തന്ത്രങ്ങൾ മനസ്സിലാക്കി അവയെ ജയിക്കുവാൻ തക്കവണ്ണം ദൈവം നമ്മെ വഴി നടത്തുകയും ചെയ്യുന്നു. ദൈവത്തോടു ചേർന്നുള്ള ജീവിതത്തിൽ ദൈവഹിതം നമുക്കു വെളിവാക്കപ്പെടുകയും തലമുറകളുടെ അനുഗ്രഹത്തിനായി നമ്മുടെ സ്വയത്തെ ബലിയർപ്പിക്കുവാൻ നാം തയ്യാറാവുകയും ചെയ്യുന്നു.

(പത്രോസ് 1.23) ''നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നത് നശ്വരമായ ബീജത്തിൽ നിന്നല്ല. അനശ്വരമായ ബീജത്തിൽ നിന്നാണ്. സജീവവും സനാതനവുമായ ദൈവവചനത്തിൽ നിന്ന്'' പിശാചിന്റെ അടിമത്വത്തിൽ നമ്മിൽ അസൂയയും, പകയും, അഹങ്കാരവും വിദ്വേഷവും ജനിക്കുന്നു. എന്നാൽ ദൈവത്തോട് ചേർന്ന് ദൈവവചനത്തിൽ നാം പുനർജ്ജനിക്കുമ്പോൾ പിശാചിനെ അടിമപ്പെടുത്തി ജീവന്റെ ഉറവകാണുവാൻ ഇടയാക്കുന്നു. ഈ ജീവന്റെ ഉറവയിൽ നാം തലമുറകളെ കഴുകുകയും അവ ദീർഘായുസ്സു പ്രാപിക്കുകയും ചെയ്യുന്നു. ഇപ്രകാരം പിതാക്കന്മാരുടെ പാപങ്ങൾ മൂലം നമ്മെ അടിമപ്പെടുത്തിയിരുന്ന പിശാചിനെ ദൈവീക ജ്ഞാനത്തിലൂടെ ജയിച്ച് ദൈവഹിതമാകുന്ന ക്രിസ്തുവിലൂടെയുള്ള പുനഃരുദ്ധാരണം സംഭവിക്കുകയും സകലവും പൂർത്തിയാക്കുവാൻ ഇടയാക്കുകയും ചെയ്യുന്നു.

(യാക്കോബ് 3.17) "എന്നാൽ ഉന്നതത്തിൽ നിന്നുള്ള ജ്ഞാനം ഒന്നാമത് ശുദ്ധവും പിന്നെ സമാധാന പൂർണ്ണവും വിനീതവും വിധേയത്വവുമുള്ളതും കാരുണ്യവും സത്ഫലങ്ങളും നിറഞ്ഞതും ആണ്."

✹✹✹

## ദൈവ ഭക്തിയും ദൈവീക ജ്ഞാനവും

മനുഷ്യന്റെ വളർച്ചയെ നമുക്ക് രണ്ടായി തിരിക്കാം. ആത്മാവിലെ വളർച്ചയും, ശാരീരിക മാനസിക വളർച്ചയും ആത്മാവിന്റെ വളർച്ച തന്നിൽത്തന്നെയും, ശരീരത്തിന്റെ വളർച്ച ബാഹ്യമായും പ്രതിഫലിക്കുന്നു. ആത്മാവിന്റെ വളർച്ച ദൈവത്തോടുചേർന്നുള്ള നമ്മുടെ ജീവിതത്തെ സാക്ഷ്യപ്പെടുത്തുന്നു. ആത്മാവിന്റെ വളർച്ച ദൈവത്തോടുള്ള ഭക്തിയിൽ ആരംഭിക്കുന്നു.

### ദൈവ ഭക്തിയാകുന്നു ജ്ഞാനത്തിന്റെ ആരംഭം
### സങ്കീ. 111:10, പ്രഭാ 21:71

ദൈവം സൃഷ്ടാവും നാം സൃഷ്ടികളുമാകുന്നു. സൃഷ്ടിയെ പൂർണ്ണതയിൽ അറിയുവാൻ സൃഷ്ടാവിന് മാത്രമേ സാധിക്കുകയുള്ളൂ. സൃഷ്ടാവിന്റെ ആഗ്രഹത്തിനൊത്തു മാത്രമേ സൃഷ്ടി വളരുവാൻ പാടുള്ളു. കാരണം സൃഷ്ടിയുടെ പരിമിതിയെപ്പറ്റി സൃഷ്ടാവിന് ബോധ്യം ഉള്ളതുകൊണ്ടുതന്നെ. അപ്രകാരം സൃഷ്ടാവിനെ അറിയുവാൻ സൃഷ്ടി ശ്രമിക്കുമ്പോൾ നമ്മിൽ ദൈവീക ജ്ഞാനം വളരുന്നു. യോഹ. 9:16.

### ദൈവം സ്നേഹമാകുന്നു. (1യോഹ. 4:8)

സൃഷ്ടിയാകുന്ന നാം ദൈവസ്നേഹത്തിലേക്ക് മനസ്സുതിരിക്കുമ്പോൾ നമ്മുടെ ആത്മാവ് ജീവനിലേക്ക് കടക്കുന്നതായി അനുഭവിക്കുവാൻ സാധിക്കും. കാരണം ദൈവസ്നേഹത്തിൽ സൃഷ്ടികളെല്ലാംതന്നെ തുല്യരാകുന്നു. എന്ന് നാം അറിയുന്നു. ഈ അനുഭവത്തിൽ ദൈവഹിതം എന്തെന്ന് ദൈവവുമായിട്ടുള്ള സംസർഗ്ഗത്തിൽ മാത്രമേ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. പിശാചിനോട് ചേർന്ന് പകയിലും, വിദ്വേഷത്തിലും, അഹങ്കാരത്തിലും നാം ഇരിക്കുമ്പോൾ ദൈവീകജ്ഞാനം ഗ്രഹിക്കുവാൻ കഴിയാതെ ആത്മാവ് ഇടുങ്ങിയ അനുഭവത്തിലേക്ക് പോകുന്നു.

ദൈവഭക്തിയിൽ നാം ഇരിക്കുമ്പോൾ ആത്മാവിൽ വളരുകയും, ആത്മാവിന്റെ ഫലങ്ങളാകുന്ന സത്യം, നീതി, സമാധാനം, സൗമ്യത (ഗലാ. 5:22) പുറപ്പെടുവിക്കുകയും ചെയ്യുന്നു. ദൈവഭക്തിയിലൂടെ യഥാർത്ഥമായ നീതിക്കായി പൊരുതുകയും ചെയ്യുന്നു. ആത്മാവ് ശുദ്ധീകരണത്തിനായി ഒരുങ്ങുന്നു. ആത്മാവിന്റെ ശുദ്ധീകരണത്തിലൂടെ നാം ദൈവത്തോട് കൂടുതൽ ചേരുകയും ദൈവരാജ്യത്തിന് അവകാശികളായിത്തീരുകയും ചെയ്യുന്നു. ആത്മാവിന്റെ വളർച്ചയിലൂടെ ദൈവത്തിന്റെ പദ്ധതികൾ എത്രമാത്രം വിശാലവും നിഗൂഢവുമാണെന്നും അവയ്ക്ക് പരിധികൾ ഇല്ലായെന്നും അറിയുവാൻ സാധിക്കുന്നു.

ആത്മാവിന്റെ വളർച്ചയിൽ നാം നമ്മെത്തന്നെ മറന്നുപോകുന്നു. കർത്താവിന്റെ ശരീരത്തിന്റെ ഭാഗമാകുന്ന നാം ആത്മാവിന്റെ വളർച്ചയിലൂടെ കർത്താവിനോട് കൂടുതലായി അലിഞ്ഞുചേരുന്നു. (യോഹ. 6:33) "ഞാൻ ജീവന്റെ അപ്പം ആകുന്നു." ഈ അനുഭവത്തിൽ പരിശുദ്ധാത്മാവിന്റെ സ്വാതന്ത്രം നമ്മിൽ ഇറങ്ങിവരുന്നു. ഈ സ്വാതന്ത്ര്യത്തിൽ ഈ ലോക ശക്തികളെ അതിശയിപ്പിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകുവാനും കഴുകന്മാരെപ്പോലെ ആത്മാവിൽ നമുക്ക് ചിറകടിച്ച് ഉയരുവാനും സാധിക്കുന്നു.

നമ്മുടെ സഹോദരങ്ങളേയും ഈ അനുഭവത്തിലേക്ക് കൊണ്ടുവരുവാൻ തക്കവണ്ണം കഷ്ടപ്പാടുകൾ സഹിക്കുവാൻ നാം തയ്യാറാകണം. കാരണം നാം ദർശ്ശിക്കുന്ന ദൈവത്തിന്റെ മഹത്വം അത്രമാത്രം വിലയേറിയതും മഹത്തരവുമാകുന്നു. ഇതിനെതിരായി വിഘടിക്കുമ്പോൾ അഹങ്കാരത്തള്ളലിൽ ദൈവരാജ്യം നഷ്ടപ്പെടുത്തുവാൻ സംഗതിയാകുകയും ദുരിതങ്ങൾ വിതച്ച് തലമുറകൾക്ക് ഒക്കെയും ശാപമായിത്തീരുന്നു. "അതുകൊണ്ട്, നീയാകട്ടെ (2 തിമോ:4:5) എല്ലാ കാര്യങ്ങളിലും സമുചിത പാലിക്കുക. കഷ്ടതകൾ സഹിക്കുകയും സുവിശേഷകന്റെ ജോലിചെയ്യുകയും നിന്റെ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്യുക. "

വി. കന്യകമറിയം സഹനത്തിലൂടെ കർത്താവിനെ വളർത്തി. നാമും മാതാവിന്റെ സഹനത്തിൽ പങ്കാളികളായി നമ്മിൽ കർത്താവിനെ വളർത്തേണ്ടിയിരിക്കുന്നു. ഇപ്രകാരം മാതാവിന്റെ നിശബ്ദമായ സഹനത്തിലൂടെ ഈലോകത്തെ ജയിച്ച് കർത്താവിനോട് ചേർന്ന് മഹത്വീകരിക്കപ്പെടുവാൻ തക്കവണ്ണംനമ്മെ ജ്ഞാനത്താൽ നിറക്കണം. ദൈവത്തോടുള്ള അഗാധമായ സ്നേഹത്തിലൂടെ മാത്രമേ ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

✹✹✹

## *രക്ഷയുടെ വഴി*

***എശയ്യ 59 "രക്ഷിക്കാൻ കഴിയാത്ത വിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല കേൾക്കാനാവാത്ത വിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല."***

പ്രവാചക ശബ്ദത്തിലൂടെനാം ഇവിടെ കർത്താവിന്റെ സ്വരം ശ്രവിക്കുന്നു. കർത്താവിന്റെ കരങ്ങൾ നമ്മിലേയ്ക്ക് നീട്ടപ്പെടാതിരിക്കുന്നില്ല. ആ കാതുകൾ നമ്മുടെ പ്രാർത്ഥന കേൾക്കാതിരിക്കുന്നില്ല. എന്നാൽ എന്തുകൊണ്ട് ആ മഹത്വം ദർശിക്കാൻ നാം വൈകുന്നു.? നമ്മുടെ പാപം തന്നെയാകുന്നു മൂലകാരണം. പാപത്താൽ മലിനമായ നമ്മുടെ നിലവിളികൾ കർത്താവിലേയ്ക്ക് എത്തപ്പെടുന്നില്ല. (മീഖ 7:7) വാക്യത്തിൽ കർത്താവിലേയ്ക്ക് കണ്ണുകളെ ഉയർത്തുവാനുള്ള വാഞ്ച ദർശിക്കുന്നു. അതേ കർത്താവിലേയ്ക്ക് നാം നമ്മുടെ ബോധങ്ങളേയും വിചാരങ്ങളേയും ഉയർത്തുമ്പോൾ രക്ഷയുടെ ദിവ്യപ്രകാശം നമുക്ക് അടുത്തുവരുകയും ആ മഹത്വത്തിൽ നമ്മുടെ പാപങ്ങൾക്ക് പരിഹാരം ലഭിക്കുകയും ചെയ്യുന്നു.

(എശയ്യ 56.1) "കർത്താവ് അരുളിച്ചെയ്യുന്നു. ന്യായം പാലിക്കുക. നീതി പ്രവർത്തിക്കുക, ഞാൻ രക്ഷ നൽകാൻ പോകുന്നു." ക്ഷമയുടേയും, സഹനത്തിന്റെയും ശബ്ദത്തെ ഈ വരികളിൽ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. നമ്മുടെ പാപങ്ങൾ നമ്മെ ദൈവത്തിൽ നിന്നും അകറ്റുന്നു. തന്റെ കുരിശു മരണത്തിലൂടെ കർത്താവായ യേശു നമുക്ക് രക്ഷയുടെ അനുഭവം പകർന്നുതരുന്നു. ഈ അനുഭവത്തെ നാം നമ്മുടെ ജീവിതത്തിൽ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. കർത്താവ് നമ്മുടെ പാപങ്ങൾക്കുവേണ്ടി എപ്രകാരം ക്ഷമയുടെയും സഹനത്തിന്റെയും വഴി സ്വീകരിച്ചുവോ അപ്രകാരം തന്നെ അവന്റെ ഉയർപ്പിന്റെ അനുഭവം - രക്ഷയുടെ അനുഭവം - നമ്മിൽ ഉരുത്തിരിയുവാൻ നാമും മറ്റുള്ളവരോടു ക്ഷമയും കരുണയുമുള്ളവരായിരിക്കണം. ഉയർപ്പിന്റെ അനുഭവത്തിനായി യേശുവിനോടൊത്ത് അവന്റെ നീതിയിൽ നമുക്ക് പ്രവർത്തിക്കാം അവന്റെ സന്നിധിയിൽ വിനീതനായി പ്രവർത്തിക്കാം.

നീതിയിൽ നടപ്പുള്ളവരാകണമെങ്കിൽ ദൈവസ്നേഹത്തെ ഉൾക്കൊള്ളേണ്ടി യിരിക്കുന്നു. ദൈവ സൃഷ്ടിയിൽ എല്ലാവരും ഒരുപോലെ സ്ഥാനം അലങ്കരിക്കുന്നു. നീതി നടപ്പാക്കുന്നതിലൂടെ നാം മറ്റുള്ളവരുടെ ആവശ്യങ്ങളെ അറിഞ്ഞ് അതിനെ ഏകോപിപ്പിച്ച് അവരെ ഉയർച്ചയിലേക്ക് നടത്തുന്നു. ഈ അനുഭവത്തിൽ നാം വിട്ടുവീഴ്ച്ചക്ക് തയ്യാറാകേണ്ടിയിരിക്കുന്നു. നമ്മുടെ അനാവശ്യങ്ങളേക്കാൾ മറ്റുള്ളവരുടെ ആവശ്യങ്ങളെ അറിഞ്ഞ് അവരെ സഹായിക്കേണ്ടിയിരിക്കുന്നു.

രണ്ടാമതായി അവന്റെ കരുണ നാം നമ്മുടെ ജീവിതത്തിൽ പകർത്തണം. ദൈവം സ്നേഹമാകുന്നു, എന്നു നാം തിരിച്ചറിയുമ്പോൾ മറ്റുള്ളവരോട് കരുണയോടെ പ്രവർത്തിക്കുവാൻ മനസ്സാക്ഷി നമ്മെ സഹായിക്കുന്നു. കരുണയിൽ നാം മറ്റുള്ളവരെ നമ്മോടുചേർന്ന് ജീവിക്കുവാൻ സഹായിക്കുന്നു.

മൂന്നാമതായി ദൈവസന്നിധിയിൽ നാം താഴ്മയുള്ളവരായി ഭവിക്കണം. നാം അനുഭവിക്കുന്ന അനുഗ്രഹങ്ങൾ നമ്മുടെ നീതിയിൽ പ്രകാരമല്ല. മറിച്ച് അവന്റെ കൃപയിൻ പ്രകാരമാകുന്നു. അതുകൊണ്ടു തന്നെ സ്വന്തമെന്ന് അവകാശപ്പെടുത്തുവാൻ തക്കവണ്ണം നാം ഒന്നും ഇല്ലാത്തവരാകുന്നു. സങ്കീ. 127 - (127.3 - കർത്താവിന്റെ ദാനമാണ് മക്കൾ ഉദരഫലം ഒരു സമ്മാനവും.)

ദൈവസന്നിധിയിൽ ഞാൻ എന്ന ഭാവത്തിന് ഒരു പ്രസക്തിയില്ലാതാവുന്നു. സ്വയത്തെ ത്യജിച്ചുകൊണ്ട്മാത്രമേ ഈ അനുഭവത്തിലേക്ക് കടക്കുവാൻ സാധിക്കുകയുള്ളൂ. താഴ്ചയിൽ മറ്റുള്ളവരെ ബഹുമാനിക്കുവാനും അവരെ സഹായിക്കുവാനും സംഗതിയാകുന്നു.

(യോഹ. 6.35) യേശു അവരോടു പറഞ്ഞത് "ഞാൻ ജീവന്റെ അപ്പമാകുന്നു." ഈ അപ്പത്തെ പരിശുദ്ധാത്മാവിനെ നാം പ്രാപിക്കുമ്പോൾ മരണത്തിൽ നിന്നും കരേറി നിത്യ ജീവനിലേക്ക് കടക്കുവാൻ ഇടയാകുന്നു. "പാപത്തിന്റെ ശമ്പളം മരണമാകുന്നു. ദൈവത്തിന്റെ ദാനമാകട്ടേ കർത്താവായ യേശുക്രിസ്തു വഴിയുള്ള നിത്യ ജീവനും " (റോ 6.22.23).

യേശുക്രിസ്തുവിലൂടെ രക്ഷയുടെ ഉടമ്പടി പിതാവായ ദൈവം തമ്പുരാൻ നമുക്ക് നൽകിയിരിക്കുന്നു. ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, ക്ഷമ, പരോപകാരം, ദയ, സഹിഷ്ണുത മുതലായവ നമ്മിൽ ഉൾക്കൊള്ളിച്ചുകൊണ്ട് നമ്മുടെ പാപങ്ങൾക്ക് പരിഹാരം കണ്ടെത്താം. പരസ്പരം ക്ഷമിക്കുന്നതിലൂടെയും സഹിക്കുന്നതിലൂടെയും നമ്മുടെ പാപങ്ങൾക്ക് ക്ഷമ ലഭിക്കുന്നു. നാം ദൈവ സന്നിധിയിലേയ്ക്ക് ഉയർത്തപ്പെടുന്നു. ആ കരങ്ങൾ നമ്മിലേക്കു നീട്ടപ്പെടുന്നത് നമുക്ക് കാണുവാൻ സാധിക്കുന്നു. ആ കാതുകൾ നമ്മുടെ നിലവിളികളെ സ്വീകരിച്ചുകൊണ്ട് നമ്മെ അനുഗ്രഹീതരാക്കുന്നു. അപ്രകാരം നാം പ്രവാചകന്റെ ശബ്ദത്തെ അറിഞ്ഞ്, രക്ഷയുടെ അനുഭവം നമ്മിലേയ്ക്കും നമ്മുടെ ചുറ്റും ഉള്ളവരിലേയ്ക്കും പകർത്താം. ദൈവതിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ.

(എശയ്യ 118) കർത്താവ് അരുളി ചെയ്യുന്നു "വരുവിൻ നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും".

✸✸✸

## ക്രിസ്തുവിന്റെ പടയാളി

***2 തീമോ 2: 10 അതിനാൽ തെരഞ്ഞെടുക്കപ്പെട്ടവർ യേശു ക്രിസ്തുവിൽ ശാശ്വതവും മഹത്വപൂർണ്ണവുമായ രക്ഷ നേടുന്നതിനുവേണ്ടി എല്ലാം സഹിക്കുന്നു.***

ക്രിസ്തുവിന്റെ ജീവിതം അന്ധകാര ലോകത്തിന്റെ അധിപന്മാരുമായിട്ടുള്ള പോരാട്ടത്തിൽ നിറഞ്ഞിരിക്കുന്നതായി നാം കാണുന്നു. അതുകൊണ്ടുതന്നെ ക്രിസ്തുവിലുള്ള നമ്മുടെ ജീവിതവും സാത്താനോടുള്ള പോരാട്ടത്തിൽ നിൽക്കുന്നു. പടയാളി തന്റെ യജമാനന്റെ ജയത്തിനായി പോരാട്ടം നടത്തുന്നു. നാമും അവന്റെ പടയാളിയായി അവനുവേണ്ടി പോരാട്ടം നടത്തുവാൻ തക്കവണ്ണം അവനാൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അപ്രകാരം തന്റെ യജമാനനുവേണ്ടി കഷ്ടപ്പാടുകൾ സഹിക്കുന്ന ഒരു നല്ല പടയാളിയെ നാം നമ്മിൽ വളർത്തിയെടുക്കേണ്ടതാവശ്യമാകുന്നു.

പടയാളി താൻ ഏർപ്പെട്ടിരിക്കുന്ന യുദ്ധത്തിൽ സുരക്ഷിതനായി നിലകൊള്ളേണ്ടതിന് ആവശ്യമായ കവചം ധരിച്ചുമാത്രമേ നീങ്ങുന്നുള്ളൂ. കർത്താവിനായി നാം യുദ്ധത്തിനു ഒരുങ്ങുമ്പോൾ നീതിയുടെയും സത്യത്തിന്റെയും സമാധാനത്തിന്റേയും വിശ്വാസത്തിന്റെയും രക്ഷയുടെയും കവചങ്ങളും ദൈവവചനമാകുന്ന ആത്മീയവാളും എടുത്തു ധരിക്കേണ്ടതാവശ്യമാകുന്നു. (എഫേ. 6:14) ഇവ ധരിക്കാത്ത പടയാളി കർത്താവിന് ഉള്ളതാകുന്നില്ല. മറിച്ച് അവൻ സാത്താന്യശക്തിയുടേതാകുന്നു.

സത്യവും, നീതിയും, സമാധാനവും പലപ്പോഴും ഈ ലോക ജീവിതത്തിൽ വഴിമുട്ടി നിൽക്കുന്നതായി നാം അനുഭവിച്ചറിയുന്നു. ആത്മാവിന്റെ ഫലങ്ങളാകുന്ന ഇവ ജഡികതയോടുള്ള നിരന്തരമായ പോരാട്ടത്തിൽ കാണുന്നു. ഈ ലോകശക്തിയെ ജയിക്കുവാൻ

ഉതകുന്ന ആത്മീയഫലങ്ങൾ നമ്മിൽ രൂപാന്തരപ്പെടുമ്പോൾ മാത്രമേ നാം ക്രസ്തുവിന്റെ നല്ല പടയാളിയായിത്തീരുന്നുള്ളു.

ക്രിസ്തുവിനോടു ചേർന്നുള്ള ജീവിതത്തിൽ, ശത്രുക്കളെ സ്നേഹിച്ചുകൊണ്ട് അനീതിക്കെതിരായി പോരാടേണ്ടിയിരിക്കുന്നു. സഹോദരങ്ങളെ സ്നേഹിച്ചുകൊണ്ടുതന്നെ നാം അവരിലെ തിന്മയെ ജയിക്കേണ്ടതാവശ്യമാകുന്നു. പിതാവേ അവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ അവരോടു ക്ഷമിക്കേണമേ എന്ന കർത്താവിന്റെ വചനം എപ്രകാരം തിന്മയെ ദ്വേഷിച്ചുകൊണ്ട് അതു വഹിച്ചുകൊണ്ട് നടക്കുന്നവരെ സ്നേഹിക്കണം. എന്നു പഠിപ്പിക്കുന്നു. നാം അവരുടെ ശരീരത്തോടും, രൂപത്തോടും അല്ല അവരിലുള്ള ദുഷ്ടശക്തിയോടത്രേ പോരാടേണ്ടത്. ആ ദുഷ്ടാത്മാവിനെ അടിച്ചോടിക്കുവാൻ നമ്മുടെ സഹനം അവനെ സഹായിക്കുമ്പോൾ ശത്രുക്കളായിരിക്കുന്ന ഇവർ നമ്മുടെ സ്നേഹിതന്മാരായിത്തീരുന്നതായ അനുഭവം ഉണ്ടാകുന്നു. ഇപ്രകാരം ഒരു അനുഭവത്തിലേക്ക് വരുവാൻ പ്രാർത്ഥന ആവശ്യഘടകമാകുന്നു.

ആത്മാവിന്റെ വളർച്ചയിലൂടെ മാത്രമേ ഇപ്രകാരം നമുക്ക് ദുഷ്ടശക്തികളെ ജയിക്കുവാൻ സാധിക്കുകയുള്ളൂ. ആത്മാവിന്റെ വളർച്ചയെ ജഡികതാൽപ്പര്യങ്ങൾ കെടുത്തിക്കളയുവാൻ അനുവദിക്കരുത്. (റോമർ 8-6, 8-13) ഇപ്രകാരം നാം നമ്മുടെ ആത്മാവിനെ ക്രിസ്തുവിനോടുചേർന്നുവളർച്ചയിലേക്കുനയിക്കുവാൻ ഒരുങ്ങുമ്പോൾ, ശത്രുവാകുന്ന സാത്താന്റെ ജഡീകചിന്തകളിൽ നിന്നും നാം പിൻവലിയുകയും, ലോകം, ശരീരം, പിശാച് എന്നിവയെ ജയിക്കുവാൻ തക്കവണ്ണം, പീഡ അനുഭവിക്കുവാൻ ഒരുങ്ങുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവിനെ പ്രാപിച്ചതിനുശേഷം യേശുവിനെ സാത്താൻ പരീക്ഷണത്തിനായി മരുഭൂമിയിലേക്കു നയിക്കുന്നു. സാത്താൻ യേശുവിനെ ലോകചിന്തകൾകൊണ്ട് നിറയ്ക്കുവാൻ ശ്രമിക്കുന്നു. എന്നാൽ യേശു പിതാവിന്റെ മഹത്വീകരണത്തിനായി തന്നെത്തന്നെ ദൈവഹിതത്തിനായി വിട്ടുകൊടുക്കുന്നു. ഇപ്രകാരം സാത്താനോടുള്ള പോരാട്ടങ്ങളത്രേ നമ്മെ പരിശുദ്ധ ത്രിത്വത്തിന്റെ മഹത്വീകരണത്തിനായി ഒരുക്കുന്നത്.

യേശുവിന്റെ നല്ല പടയാളിയായിരിപ്പാൻ വിശ്വാസത്തിന്റെ പോരാട്ടം ഏറ്റെടുക്കണം. നിത്യ ജീവന്റെ വിശ്വാസത്തിലും, പ്രത്യാശയിലും അധിഷ്ഠിതമായിട്ടല്ലോ നാം യേശുവിനോട് ചേർന്ന് വിളിക്കപ്പെട്ടിരിക്കുന്നത്. ആയതുകൊണ്ട് ആത്മാവിന്റെ നിത്യതയെ കെടുത്തുന്ന വിശ്വാസത്തോടു പൊരുതി, ദൈവത്തിന്റെ മഹത്വീകരണത്തിനുതകുന്ന പാത്രങ്ങളായി നമുക്ക് തീരാം (1 തീമോ. 6:12, 2 തിമോ. 2:21).

ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരായ നാം യേശുക്രിസ്തുവിലുള്ള ശാശ്വതവും മഹത്വപൂർണ്ണവുമായ രക്ഷയുടെ അനുഭവം സഹോദരങ്ങൾക്കു കൈമാറുവാൻ തക്കവണ്ണം, പീഡകൾ സഹിച്ചുകൊണ്ട് നല്ല സുവിശേഷങ്ങൾ ദൈവത്തിന്റെ നീതിയുടെ തെളിവിനായി സമർപ്പിക്കണം.

കുരിശുമരണ സമയത്ത് ഒരു പടയാളി തന്റെ കുന്തം കൊണ്ട് കർത്താവിനെ കുത്തുന്നതായി നാം കാണുന്നു. ഇവിടെ കാണുന്ന ഈ പടയാളി സാത്താന്റെ സൈന്യത്തിന്റേതാകുന്നു. എന്നാൽ തന്റെ പ്രവർത്തിയുടെ അവസാനം അവൻ തന്നെ ദൈവത്തിന്റെ മഹത്വം ദർശിച്ചുകൊണ്ട് അമ്പരക്കുന്നു. ഇപ്രകാരം സാത്താന്റെ സൈന്യത്തിന്റേതായി പ്രവർത്തിച്ചുകൊണ്ട് നമ്മുടെ രക്ഷിതാവിനെ ക്രൂശിച്ച്, കുത്തുന്ന പടയാളിയായിത്തീരുവാൻ നാം ഇടയാകരുത്. വെളിപാട് 12:7-2 വാക്യങ്ങളിൽ ദൈവദൂതന്റെ പടയാളിയുടെ അനുഭവം നാം കാണുന്നു. അവൻ പൈശാചികത്വത്തോടുള്ള പോരാട്ടത്തിൽ ദൈവരാജ്യം കെട്ടിപ്പടുക്കുന്നതിനുവേണ്ടി മരിക്കുവാൻ പോലും തയ്യാറാവുകയും ദൈവകൃപയാൽ ദൈവരാജ്യത്തിന് അവകാശിയായിത്തീരുകയും ചെയ്യുന്നു. ഇപ്രകാരം ദൈവത്തോടു ചേർന്നിരുന്ന് അവന്റെ സൈന്യത്തിൽ ഒരു അംഗമായി ലോകത്തിന്റെ പൈശാചികത്വത്തോട് നമുക്ക് ഒരുമിച്ച് കൂട്ടായ്മയിലൂടെ പോരാടാം. അപ്രകാരം സാത്താന്റെ വേരുകളെ നമ്മുടെ ഇടയിൽ നിന്നും പിഴുതുകളഞ്ഞ് പുതിയ ആകാശവും പുതിയ ഭൂമിയും അവകാശമാക്കാം.

✸✸✸

## കാനാൻദേശം

അവിടുന്ന് അരുളി ചെയ്തു. ''നിനക്കു നിശ്ചയിച്ച ഓഹരിയായി ഞാൻ കാനാൻ ദേശം തരും''. പ്രസ്തുത വേദഭാഗത്ത് ഒരു ജനതയോട് പിതാവായ ദൈവം തമ്പുരാൻ ചെയ്ത ഉടമ്പടി വിളംബരം ചെയ്യപ്പെടുന്നതായി കാണാം. ഈ ഉടമ്പടിയിൽ ജീവന്റെ അനുഭവം ദർശിക്കുവാൻ നമുക്കു കഴിയും. ജീവന്റെ അനുഭവത്തോട് ചേർന്ന് രക്ഷയുടെ ഉറപ്പും നമുക്കു കാണാം. രക്ഷയുടെ അനുഭവം ദൈവത്തിൽ നിന്നുള്ള കൃപാവരം ആകുന്നു.

കാനാൻ ദേശം സമൃദ്ധിയുടെ വിള നിലമാകുന്നു. കാനാൻ ദേശത്തിന്റെ ഓഹരി ദൈവരാജ്യത്തിന്റെ ചവിട്ടുപടിയാകുന്നു. നാം ദൈവത്തിന്റെ മക്കളാകുന്നു. എന്നാൽ പാപം മനുഷ്യനെ ദൈവരാജ്യാനുഭവത്തിൽനിന്നും മാറ്റി നിർത്തുന്നു. അവൻ പാപത്തോട് ചേർന്ന് പിശാചിന്റെ രാജ്യത്തിന് അവകാശികളായിത്തീരുന്നു. ദൈവാത്മാവിന്റെ ഫലങ്ങൾ പിശാചിന്റെ രാജ്യത്തിന് കൂട്ടവകാശികളായി മാറുമ്പോൾ നമുക്ക് നഷ്ടമാകുന്നു. എന്നാൽ ഈ അടിമത്വത്തെക്കുറിച്ച് നാം ബോധവാന്മാരാകുമ്പോൾ അനുതാപത്തിലൂടെ ദൈവരാജ്യത്തിലേയ്ക്ക് വീണ്ടും പ്രവേശിക്കുവാൻ സാധിക്കുന്നു. (റോമർ 10-09, 10) ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചുകൊണ്ടാകുന്നു ഇത് സാധ്യമാക്കുന്നത്. അവനിൽ വിശ്വസിച്ച് അവനെ ഏറ്റു പറയുന്നവന് ദൈവരാജ്യം വീണ്ടും അളന്നുലഭിക്കുന്നു. (യോഹ. 14. 1-5).

ദൈവപുത്രനെ വിശ്വസിക്കുമ്പോൾ പിതാവിന്റെ കാരുണ്യത്തേയും നാം ഏറ്റുപറയേണ്ടിയിരിക്കുന്നു. (സങ്കീ 106) അവിടുന്ന് അവർക്കുവേണ്ടി തന്റെ ഉടമ്പടി ഓർമ്മിച്ചു. തന്റെ കാരുണ്യാധിക്യം മൂലം അവിടുത്തെ മനസ്സലിഞ്ഞു. ദൈവത്തോടുള്ള ഉടമ്പടി നാം ലംഘിച്ചപ്പോൾ നമ്മുക്ക് ദൈവരാജ്യം നഷ്ടമായി. എന്നാൽ ദൈവത്തിന്റെ കരുണ തന്റെ പുത്രനിൽകൂടി നമ്മിൽ വർഷിക്കപ്പെടുവാൻ ഇടയാക്കി. ഈ കരുണ നമ്മുടെ കുറ്റങ്ങൾക്ക് മാപ്പു തരുകയും, പിതാവിന്റെ സ്നേഹം നമ്മിലേക്ക് ഒഴുകുകയും ചെയ്യുന്നു. (എശയ്യ.

1-18) ''വരുവിൻ നമുക്ക് രമ്യതപ്പെടാം നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിരിക്കും.''

നമ്മുടെ പിതാക്കൻമാരുടെ പാപങ്ങൾക്ക് മൂന്നും നാലും തലമുറവരേയും ശിക്ഷ അനുഭവിക്കേണ്ടതായി വരുന്നത് വിശുദ്ധഗ്രന്ഥത്തിൽ പഠിക്കുന്നു. എന്നാൽ ദൈവ പുത്രനോട് ചേർന്നിരുന്ന് അവനോടൊത്ത് ജീവിക്കുമ്പോൾ പാപങ്ങൾക്ക് പരിഹാരം ലഭിക്കുകയും നമ്മുടെ തലമുറ അനുഗ്രഹീതരായി തീരുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ സ്വയത്തെ മാറ്റിവച്ചു കൊണ്ട് ജീവന്റെ അനുഭവത്തിനായി നമ്മെവിട്ടുകൊടുക്കണം ഇതിൽ സഹനത്തിന്റെ വേരുകൾ ഉണ്ടായിരിക്കണം . സഹനത്തിൽ കൂടിമാത്രമേ പാപപരിഹാരം നേടിയെടുക്കാൻ സാധിക്കുകയുള്ളു. കാരണം ദൈവരാജ്യത്തിലേക്കുള്ള തിരിച്ചുവരവിന് പിശാച് നമ്മെ അനുവദിക്കുന്നില്ല. അവൻ തന്റെ സകല ശക്തിയും ഉപയോഗിച്ച് ദൈവത്തിൽ നിന്നും നമ്മെ അകറ്റുവാൻ ശ്രമിക്കുന്നു. തന്മൂലം കഷ്ടതകൾ നമ്മുടെ കൂടപ്പിറപ്പായി തീരുന്നു. എന്നാൽ ഇവയെല്ലാം പിശാചിന്റെ പോരാട്ടത്തിന്റെ ഭാഗമാണെന്നറിഞ്ഞ് അവന്റെ തന്ത്രങ്ങളെ അടുത്തറിയുവാനും അവയെ ദൈവത്തിന്റെ ശക്തിയിൽ നേരിട്ട് , ജയിക്കുവാനും ഇടവരുത്തുന്നു. ഇപ്രകാരം ദൈവത്തോടുചേർന്നിരിക്കുമ്പോൾ ശാപത്തിൽ നിന്നും അനുഗ്രഹത്തിലേക്ക് .നാം വളരുന്നു. നമ്മുടെ തലമൂറകൾ വളരുന്നു. (ലൂക്കോസ് 1.50. ഫിലിപ്പി 1.28.

നമ്മുടെ ദൈവത്തിന്റെ നീതി കരുണയുടെനീതിയാകുന്നു.പിതാവ് സ്വന്തം പുത്രനിലൂടെ ലോകത്തിനു നീതിയുടെ സാക്ഷ്യം നൽകിയിരിക്കുന്നു. യേശുവിലൂടെ അവന്റെ രക്തത്തിലൂടെ നമുക്ക് കരുണയുടെ നീതി യാചിക്കാം. ഇതിൽ സ്നേഹത്തിന്റെ ഭാഷയെ അടുത്തറിയുവാൻ സാധിക്കുന്നു.

കാരുണ്യം വിശ്വസ്ഥതയിലൂടെ നമുക്ക് ലഭിക്കുന്നു. സങ്കീ .117. ദൈവസ്നേഹത്തിലും, അവന്റെ ദയയിലും വിശ്വസിക്കാത്ത ഒരുവന് കരുണ ലഭിക്കുന്നില്ല. കൂനിയായ സ്ത്രീ, രക്തസ്രാവക്കാരി, ഇവരെല്ലാംതന്നെ കരുണയുടേയും വിശ്വസ്ഥതയുടേയും സാക്ഷ്യങ്ങളാകുന്നു. (മത്തായി 5.7) ദൈവ മക്കളാകുന്ന നാം നമ്മുടെ സമസൃഷ്ടികളോട് കരുണ കാണിക്കുമ്പോൾ നമ്മിലേക്ക് ദൈവം കരുണ വർഷിക്കുന്നു. ഇത് ദൈവീക ഉടമ്പടിയുടെഭാഗമാകുന്നു. സഹോദരനോട് കരുണകാണിക്കാത്തവൻ കരുണയ്ക്ക് അർഹനല്ല. എന്ന് യേശു നമ്മെ പഠിപ്പിക്കുന്നു.

ഇപ്രകാരം നമ്മിലേയ്ക്കു കരുണ വർഷിക്കപ്പെടുവാൻ തക്കവണ്ണം അവൻ കുരിശുമരണം വരെ അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി. (ഫിലിപ്പി 2.8) അനുസരണം ദൈവത്തോടായിരിക്കണം. ആകൽപ്പനപാലിക്കപ്പെടണം. അപ്പോൾ നാം അവന്റെ കരുണയ്ക്ക് അർഹരാകുന്നു. ഇപ്രകാരം കരുണയിലൂടെ, സ്നേഹത്തിലൂടെ, സഹനത്തിലൂടെ നമ്മുടെ സഹോദരങ്ങളേയും രക്ഷയിലേയ്ക്കു കൊണ്ടു വരുവാൻ നമുക്ക് സാധിക്കണം. അങ്ങനെ തന്നെ അവരും ദൈവത്തിന്റെ വാഗ്ദാനമായ കാനാൻദേശത്തിന് ഓഹരിക്കാരായിത്തീരുവാൻ ഇടയാകുന്നു. (എശയ്യ 53.12), (എശയ്യ 55.3.6, 57. 13).

(സങ്കി 119.50) ''അങ്ങയുടെ വാഗ്ദാനം എനിക്ക് ജീവൻ നൽകുന്നു. എന്നതാണ് ദുരിതങ്ങളിൽ എന്റെ ആശ്വാസം'' .

✷✷✷

## വിശുദ്ധകുമ്പസാരം

*ഫിലി 4:6 "ഒന്നിനെ കുറിച്ചും ആകുലരാകേണ്ട പ്രാർത്ഥനയിലൂടേയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ"*

വിശുദ്ധകുമ്പസാരം സഭയുടെ ഏഴുകൂദാശകളിൽ ഒന്നാകുന്നു.മേൽവിവരിച്ച വചനത്തിൽ ആ വലിയരഹസ്യം അടങ്ങിയിരിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. ദൈവത്തോട് ചേരുക എന്ന വലിയ രഹസ്യം ഇവിടെ പ്രതിഫലിക്കുന്നു. എഫേ 1:10 -ൽ ദൈവരാജ്യത്തിൽ നിന്നും വേർപെട്ടുപോയ നമ്മെ വിശുദ്ധകുമ്പസാരത്തിൽ കൂടി വീണ്ടും ദൈവരാജ്യത്തിലേയ്ക്കു പ്രവേശിക്കുവാൻ ഇടവരുത്തുന്നു. (സങ്കി .32) അതിക്രമങ്ങൾക്കു മാപ്പും പാപങ്ങൾക്കു മോചനവും ലഭിച്ചവൻ ഭാഗ്യവാൻ. വീണ്ടും (സങ്കീ 1-ൽ ) ഈഭാഗ്യാവസ്ഥയുടെ കുറച്ചുംകൂടിയുള്ള പ്രയാണത്തെ ദർശിക്കുവാൻ സാധിക്കുന്നു. ഇവിടെയെല്ലാം തന്നെ ദൈവത്തിന്റെ സവിശേഷതകളും നാം ഇപ്രകാരം ജീവിക്കേണ്ടതും ആകുന്നു എന്ന് പ്രബോധിപ്പിക്കുന്നു.

ഗലാത്യരുടെ ലേഖനത്തിന്റെ 5-ാം അദ്ധ്യായത്തിൽ ദൈവരാജ്യം ആത്മാവിന്റെ നിറവിൽ ജീവിക്കുന്നവർക്കായി നീക്കിവെച്ചിരിക്കുന്നതായി വിവരിച്ചിരിക്കുന്നു. വിശുദ്ധകുമ്പസാരത്തിനായി പട്ടക്കാരന്റെമുമ്പിൽ നാം മുട്ടുകുത്തുമ്പോൾ ദൈവത്തെ അനുഭവിക്കുന്ന അവസ്ഥയിലേക്ക് നാം ചെന്ന്ചേരുന്നു. ഈ അനുഭവം അവനിലെ പാപങ്ങളെ ഏറ്റുപറയാൻ പ്രേരിപ്പിക്കുന്നു. കാരണം ഒന്നും തന്നെ ദൈവത്തിൽ നിന്നും മാറിയിരിക്കുന്നില്ലല്ലോ. ഇപ്രകാരമുള്ള ചിന്തയിൽ നാം മുട്ടുകുത്തുമ്പോൾ നമ്മുടെ മനസ്സിലേക്ക് അഹങ്കാരമോ, പകയോ, വിദ്വോഷമോ, അസൂയയോ, തിന്മപെട്ട ഒരു ചിന്തയും വന്നുകൂടാത്തതാകുന്നു. ദൈവതിരുമുൻമ്പാകെ മുട്ടുകുത്തുന്ന നമ്മൾ ആദിവ്യ പ്രകാശത്തിൽ വെറും പുഴുക്കളാണെന്നു തിരിച്ചറിയുന്നു. (എഫേ 5:9:10) ആദിവ്യപ്രകാശത്തിൽ, ദിവ്യസ്നേഹത്തിൽ സഹനവും, ക്ഷമയും ത്യാഗവും കണ്ടുമുട്ടുന്നു. ആ വലിയ പീഡാനുഭവത്തിന്റെ സാക്ഷ്യത്തിനുമുമ്പിൽ ഈ ലോകചിന്തകൾ വ്യർത്ഥം മാത്രം. അതുകൊണ്ടുതന്നെ പാപങ്ങളെ ഏറ്റുപറയാൻ നാം ഒരുങ്ങുമ്പോൾ നമ്മിലെ കുറവുകളെ തിരിച്ചറിയേണ്ടിയിരിക്കുന്നു. വിശുദ്ധമാമ്മോദീസായിലൂടെ നമുക്ക് ലഭിച്ചപരിശുദ്ധാത്മാവിനെ പ്രകാശിപ്പിച്ച്, പാപത്തെതിരിച്ചറിയുവാനും, അത് ദൈവതിരിമുമ്പാകെ ഏറ്റുപറഞ്ഞ് ക്ഷമ പ്രാപിക്കുവാനും സാധിക്കുന്നു. തെറ്റുകളെ തിരിച്ചറിയുവാൻ സമയം അത്യാവശ്യമാകുന്നു. സമയം എടുത്തുകൊണ്ട് പ്രാർത്ഥനയിലൂടെ ദൈവവചനത്തിലൂടെ നമുക്ക് നമ്മുടെ തെറ്റുകളെ മനസ്സിലാക്കുവാനും ആതെറ്റുകളെപരിശുദ്ധാത്മാവന്റെ നിറവിൽ ദൈവതിരുമുമ്പാകെ ദൈവത്തിന്റെ പ്രതിപുരുഷനായി കാണുന്ന പട്ടക്കാരന്റെ മുമ്പിൽ ഏറ്റുപറയേണ്ടതും ആവശ്യമാകുന്നു.

നമ്മുടെ പാപങ്ങളെ ഏറ്റുപറയുവാൻ ഒരുങ്ങുമ്പോൾ തന്നെ ദൈവകൃപയിൽ നാം പ്രാപിച്ച അനുഗ്രഹങ്ങളേയും സമർപ്പിക്കേണ്ടതാകുന്നു. കർത്താവു സുഖപ്പെടുത്തിയ പത്തു കുഷ്ഠരോഗികളിൽ ഒരാൾ മാത്രമേ തിരിച്ചുവന്നു നന്ദി പ്രകാശിപ്പിച്ചുള്ളു. ദൈവതിരുമുമ്പാകെ മുട്ടുകുത്തുമ്പോൾ ദൈവം തന്നിട്ടുള്ള അനുഗ്രഹങ്ങളെ

ഏറ്റുപറയുവാനും നമ്മിൽ നിക്ഷേപിച്ചിട്ടുള്ള താലാന്തുകളെ വേണ്ടരീതിയിൽ ഉപയോഗിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുവാനും സാധിക്കണം. പാപങ്ങളെമാത്രം ഏറ്റുപറയുന്നതുകൊണ്ട് ദൈവകൃപ മുഴുവനായും നമ്മിലേയ്ക്കു ഒഴുകണമെന്നില്ല. കൃപയെന്നാൽ സത്യവും വെളിച്ചവും എത്രമാത്രം ഉണ്ടെന്നും അത് എപ്രകാരം നമുക്ക് സ്വയമേ വെളിപ്പെട്ടിരിക്കുന്നു എന്നും നാം നമ്മെത്തന്നെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. (റോമർ :14;17) "ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനിയവുമല്ല പ്രത്യുത നീതിയും, സമാധാനവും. പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്".

(റോമർ 15-1) ൽ പറഞ്ഞിരിക്കുന്നതുപോലെ സ്വന്തം തെറ്റുകളെ തിരിച്ചറിയാത്ത നമുക്കു ചുറ്റും ഉള്ളവരെ ദൈവസന്നിധിയിലേക്ക് കൊണ്ടുവരുന്നതിനായി അവർക്കു വേണ്ടിയും പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. എത്രമാത്രം കൂടുതലായി അവരെ സമർപ്പിച്ച് പ്രാർത്ഥിക്കുന്നുവോ അവർക്ക് കൂടുതലായി രക്ഷ ലഭിക്കുന്നു. നീതിമാന്റെ പ്രാർത്ഥന ദൈവം കേൾക്കുന്നു. സത്യത്തിലും നീതിയിലും നിന്നുകൊണ്ട് മറ്റുള്ളവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. (ലൂക്കേ 5:17 25) ഇവിടെ തളർവാത രോഗിയെ കൂട്ടുകാർ ദൈവസന്നിധിയിലേക്കുകൊണ്ടുവരുന്നതായി കാണുന്നു. അവരുടെ വിശ്വസം ആരോഗിയെ സുഖപ്പെടുത്താൻ സംഗതിയാകുന്നു. ഇപ്രകാരം നമ്മുടെ കൂടെയുള്ളവരേയും ദൈവസന്നിധിയിലേക്ക് കൈപിടിച്ച് കൊണ്ടുവരുവാൻ തക്കവണ്ണം ആ ഭാരം ചുമക്കുവാൻ നാം തയ്യാറാകണം. ഈ സന്ദർഭത്തിൽ വലിയ പൈശാചിക ഉപദ്രവങ്ങൾ നമ്മിലേക്ക് പ്രവഹിക്കുവാൻ ഇടയാകും. എന്നാൽ വിശ്വാസത്തോടുകൂടിയുള്ള പ്രാർതഥന നമ്മെ സകല ദോഷത്തിൽ നിന്നും കാത്തുകൊള്ളുന്നു (സങ്കീ 91) കൂടാതെ കർത്താവിന്റെ രക്തം കൊണ്ട് പൊതിയുകയും വേണം.

കുറ്റക്കാരനായ ഒരുവനുവേണ്ടി, ആകുറ്റങ്ങളെ നാം തിരിച്ചറിഞ്ഞുവെങ്കിൽ, അവനുവേണ്ടി പ്രാർത്ഥിക്കാതെ, അവനെ സഹായിക്കാതെ ഇരിക്കുന്നത് സ്വന്തമായി മരണത്തെ വരിക്കുവാൻ കൽപ്പിക്കുന്നതുപോലെയാകുന്നു. നാം പരസ്പരം പ്രാർത്ഥനകൾ കൈകൊള്ളേണ്ടതാകുന്നു. നമുക്കുവേണ്ടിയും നമ്മുടെ കുടുംബത്തിനുവേണ്ടിയും, സമൂഹത്തിനുവേണ്ടിയും സഭയ്ക്കുവേണ്ടിയും പട്ടക്കാരനും കുടുംബത്തിനുംവേണ്ടിയും പ്രാർഥിക്കേണ്ടത് ആവശ്യമാകുന്നു. കാരണം ഓരോപ്രാർഥനയും ആ ബലികളെ ശക്തീകരിക്കുകയും കൂടുതൽ അനുഗ്രഹത്തിനായി വഴിതുറന്നുകൊടുക്കാൻ ഇടയാക്കുകയും ചെയ്യുന്നു. സങ്കി 34 ൽ വ്യക്തമായി വിശുദ്ധകുമ്പസാരത്തിലൂടെയുള്ള സമർപ്പണത്തെ ശക്തീകരിക്കുന്നു. (സങ്കി 345:5) അവനെനോക്കിയവർ പ്രകാശിതരായി അവർ ലജ്ജിതരാവുകയില്ല ആയതിനാൽ നാം വിശുദ്ധകുംബസാരത്തെ ഭയഭക്തിയോടെ സമർപ്പണ ബോധത്തോടെ, വിശുദ്ധിയോടെ സമീപിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യേണ്ടതാകുന്നു. ദൈവം അതിനായി നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

✹✹✹

## വിശുദ്ധ കുർബാനയും
## ആത്മീയ നൽവരങ്ങളും

**ലൂക്കോസ് 22-19 പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കുകൊടുത്തു ഇതു നിങ്ങൾക്കുവേണ്ടി നല്കുന്ന എന്റെ ശരീരം എന്റെ ഓർമ്മയ്ക്കായി ഇതുചെയ്യുവിൻ എന്നു പറഞ്ഞു. അവണ്ണം തന്നെ അത്താഴം കഴിഞ്ഞശേഷംഅവൻ പാനപാത്രം എടുത്തുകൊണ്ടു അരുളിചെയ്തു, ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു.**

വിശുദ്ധകുർബാനയുടെ ആത്മീയസത്ത നാം ഈ വചനത്തിൽ ദർശിക്കുന്നു. വിശുദ്ധകുർബ്ബാനനുഭവത്തിൽ നാം ഒരു വലിയ രഹസ്യത്തെ അനുഭവിച്ച് അറിയുന്നു. കുർബ്ബാനനുഭവം ദൈവകൃപയുടെ ആഴവും, ദൈവാനുഭവത്തിന്റെ നിഗൂഡതയും വെളിവാക്കുന്നു. ഇതിൽ ജീവനും. സ്നേഹവും സന്തോഷവും സമാധാനവും സഹനവും ഉൾകൊള്ളുന്നു.

(യോഹ. 14-6) ൽ യേശു പറയുന്നു - ഞാൻ തന്നെ വഴിയും. സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. വിശുദ്ധകുർബ്ബാനനുഭവത്തിലൂടെ ആഴം കൂടുന്ന ദൈവാനുഭവം ഉളവാകുന്നു. (വെള്ളി 21:3) ഇതാ മനുഷ്യരോട് കൂടെ ദൈവത്തിന്റെ കൂടാരം യേശുവിന്റെ ശരീരത്തെ നാം സ്വീകരിക്കുമ്പോൾ അവൻ നമ്മിൽ വസിക്കുകയും നമ്മെ പുതിയ സൃഷ്ടിയാക്കിത്തീർക്കുകയും ചെയ്യുന്നു.

കുർബ്ബാനനുഭവം അനുഗ്രഹങ്ങളുടെ കലവറയാകുന്നു. ദൈവത്തോട് ചേർന്നിരിക്കുന്ന അനുഭവത്തിൽ നമ്മുടെ കർത്താവ് നമ്മുടെ ഭാരങ്ങൾ വഹിച്ചുകൊണ്ട് നമ്മെസഹായിക്കുന്നു.അപ്രകാരം തന്നെ യേശു പറയുന്നു. മത്തായി 11;28 അദ്ധ്വാനിക്കുന്നവനും ഭാരം ചുമക്കുന്നവനുമേ എന്റെ അടുത്തുവരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. യേശു നമ്മിൽ വസിക്കുന്ന അനുഭവത്തിൽ ഈലോക ജീവിതത്തിൽ നമുക്ക് നേരിടേണ്ടിവരുന്നഭാരങ്ങൾ അവൻതന്നെ ചുമന്ന് നമ്മെ സ്വതന്ത്രരാക്കുന്നു. കുർബ്ബാനാനുഭവത്തിൽകൂടി നമ്മിൽ ഈ അനുഭവം വന്നുചേരുന്നു അവൻ നമ്മിൽ വസിക്കുന്ന അനുഭവത്തിൽ ദൈവീകജ്ഞാനത്തിൽ നാം വളരുകയും. ഈലോകചിന്തകൾ നമ്മിൽ നിന്നും മാറ്റപ്പെട്ട് നാം ദൈവീക സമാധാനത്തിലേക്ക് പ്രവേശിക്കുന്നു.നമ്മുടെ ഏത് അവസ്ഥയിലും അവൻനമ്മെസ്വീകരിക്കുവാൻ ഒരുങ്ങിയിരിക്കുന്നു. എന്നാൽ പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും. പൂർണ്ണശക്തിയോടും കൂടി പൂർണ്ണ അനുതാപത്തിൽ അവനോട് ചേരേണ്ടിയിരിക്കുന്നു. അനുതാപത്തോടു കൂടെയല്ലാതെ വിശുദ്ധ കുർബ്ബാന നാം സ്വീകരിക്കുമ്പോൾ പിശാച് നമ്മിൽ ശക്തിപ്പെടുകയും നമ്മുടെ കർത്താവിനെ നാം ഒറ്റികൊടുക്കുകയും ചെയ്യുന്നു. കുർബ്ബാനാനുഭവത്തിൽ നിന്നും വിട്ടുനിൽക്കുമ്പോൾ തിന്മ നമ്മിൽ വളരുന്നു. യേശുവിനെ ഉപേക്ഷിച്ചു പോയ ശിഷ്യന്മാരിൽ തിന്മവളരുന്നു.

കുർബാനനുഭവത്തിൽ കൂടി നമ്മിൽ അവൻ വസിക്കുമ്പോൾ നമ്മുടെ സഹനത്തിൽ അവനും പങ്കുകാരനാവുകയും നമുക്കുവേണ്ടി പിതാവിനോട് വേണ്ടവിധം പ്രാർത്ഥിച്ച് നമ്മെ സഹായിക്കുകയും ചെയ്യുന്നു. "എന്റെ നാമത്തിൽ നിങ്ങൾ പിതാവിനോട് ചോദിക്കുന്നത് അവൻചെയ്തുതരും." ഇപ്രകാരം കുർബ്ബാനനുഭവം നമ്മെശക്തീകരിക്കുന്നു.

കുർബ്ബാനനുഭവത്തിൽകൂടി ഉയർപ്പിന്റെ അനുഭവം നമ്മിൽ ഉരുത്തിരിയുന്നു. നമ്മിലെശിലാഹൃദയം മാംസളഹൃദയമായി രൂപാന്തരം പ്രാപിക്കുന്നു. (എസെ.36:20)

(2കൊരി 5:17) "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി ത്തീരുന്നു." കരുണയുടെയും, നീതിയുടെയും, താഴ്മയുടെയും അനുഭവത്തിൽക്കൂടി നാം വളരുന്നു.

(1 യോഹ 5:12) "പുത്രനുള്ളവനു ജീവനുണ്ട് ദൈവപുത്രനില്ലാത്തവൻ ജീവൻ ഇല്ല" യേശുവിനോടുകൂടി മാത്രമേ ദൈവീക ജീവൻ നമ്മിൽ പ്രവേശിക്കുന്നുള്ളൂ. ജഢീകരായി യേശുവിനെ വഹിക്കാത്തവരായി ജീവിക്കുമ്പോൾ നമ്മുടെ ആത്മാവ് ദൈവീക അംശം ഇല്ലാത്തവരായിത്തീരുകയും നാം മരണത്തിനുവിധേയരാവുകയും ചെയ്യുന്നു. (റോ. 8.9,10)

യേശു അപ്പത്തെ വാഴ്ത്തി നുറുക്കി ശിഷ്യന്മാരെ ഏൽപ്പിച്ചപ്പോൾ അത് വർദ്ധിച്ച് വിശപ്പടക്കുന്നതായി നാം പഠിക്കുന്നു. കുർബ്ബാനനുഭവത്തിൽക്കൂടി കർത്താവിന്റെ തിരുശരീരം നാംസ്വീകരിക്കുമ്പോൾ ദൈവീകജീവൻ നമ്മിൽ ശക്തിപ്പെട്ട് കൃപയുടെ അരുവിയായിത്തീരുന്നു. തങ്ങളുടെ കൂടെ നടന്ന യേശുവിനെ ശിഷ്യന്മാർ തിരിച്ചറിയാതിരിക്കുന്നതായി കാണുന്നു. എന്നാൽ അപ്പം എടുത്ത് വാഴ്ത്തി നുറുക്കി അവരെ ഭാരമേൽപ്പിച്ചപ്പോൾ ശിഷ്യന്മാർ ഉയർത്തെഴുന്നേറ്റ യേശുവിനെ തിരിച്ചറിയുന്നു. (ലൂക്കോസ് 24:30) വിശുദ്ധകുർബ്ബാന നാം സ്വീകരിക്കുമ്പോൾ അവനെ തിരിച്ചറിയുന്നവരായി നാം തീരുന്നു. അങ്ങനെതന്നെ ദൈവരാജ്യം നഷ്ടപ്പെട്ട ദൈവമക്കൾ തിരിച്ച് ദൈവരാജ്യം പ്രാപിക്കുവാൻ ഇടയാകുന്നു.

എശയ്യാ പ്രവാചകന്റെ ദർശനത്തിൽ കൂടി കുർബ്ബാനനുഭവത്തിന്റെ വലിയ നിഗൂഢമായ സത്യം അനുഭവിച്ച് അറിയുന്നു. എശയ്യ 6:6 "അപ്പോൾ സറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്ന് കൊടിൽകൊണ്ട് എടുത്ത് ഒരു തീക്കനലുമായി എന്റെ അടുത്തേക്ക് പറന്നുവന്നു. അവൻ എന്റെ അധരങ്ങളെ സ്പർശിച്ചിട്ടു പറഞ്ഞു. ഇത് നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിന്റെ മാലിന്യം നീക്കപ്പെട്ടിരിക്കുന്നു. നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു." എസക്കിയേലിന്റെ പുസ്തകത്തിലും, ഈ സത്യത്തെ നാം പഠിക്കുന്നു. (എസെ. 36:25) ഈ വചനങ്ങളെല്ലാം തന്നെ വിശുദ്ധ കുർബ്ബാന അനുഭവത്തിന്റെ രഹസ്യത്തെയും ആവശ്യകതയേയും ചൂണ്ടി കാണിക്കുന്നു. (യോഹ 13:8) യേശു ശീമോൻ പത്രോസിനോട് പറയുന്നു." ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല." കർത്താവിനോടുകൂടെ പങ്കുകാരാകുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ അവന്റെ തിരു ശരീരരക്തത്താൽ നാം കഴുകപ്പെടണം. അപ്പോൾ വിശുദ്ധാത്മാവിന്റെ അഭിഷേകം നമ്മിൽ ശക്തിപ്പെടുകയും നാം അവന്റെ സാക്ഷികളായിത്തീരുകയും ചെയ്യുന്നു.

കഴുകന്മാരെപ്പോലെ  ചിറകടിച്ച് ഉയരുകയും നമ്മുടെ കണ്ണുനീർ തുടച്ചുമാറ്റപ്പെടുകയും ചെയ്യുന്നു. (വെളി 21:4)

പരിശുദ്ധാത്മാവിന്റെ അഭിഷേകം നമ്മിൽ ശക്തിപ്പെടുമ്പോൾ ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, സൗമ്യത, ക്ഷമ, പരോപകാരം, (ഗലാ 5:22) നമ്മിൽ ബലപ്പെടുകയും നാം ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് നടന്ന് ചെല്ലുകയും ചെയ്യുന്നു.

(1 കൊരി 10:16) നാം ആഗ്രഹിക്കുന്ന അനുഗ്രഹ പാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയല്ലയൊ? ഇപ്രകാരം വചനത്തിലൂടെ ജീവിച്ച് ദൈവത്തോടുചേർന്ന് അനുതാപത്തോടുകൂടി തിരുശരീരരക്തത്തെ സ്വീകരിച്ച് ദൈവത്തോടുചേർന്ന് ദൈവമക്കളായി നമുക്ക് ജീവിക്കാൻ തക്കവണ്ണം ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവതിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ.

✷✷✷

## അഭയ യാചനകൾ

*ലൂക്കോസ് 11:9-13 "യാചിപ്പിൻ നിങ്ങൾക്കു ലഭിക്കും;അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും..."*

,,

യാചനകൾ ഭൃത്യർ യജമാനന്മാരോട് ചോദിക്കുന്ന അവകാശങ്ങളാകുന്നു. (ലൂക്കോ. 11-ാം) അദ്ധ്യായത്തിന്റെ ആദ്യ ഭാഗത്ത് കർത്താവ് പഠിപ്പിച്ച പ്രാർത്ഥന എഴുതപ്പെട്ടിരിക്കുന്നു. കർതൃ പ്രാർത്ഥനയിലുടനീളം ബലഹീനനായ മനുഷ്യന്റെ  യാചനകൾ കാണുവാൻ സാധിക്കുന്നു. പ്രാർത്ഥനകൾ മനുഷ്യന്റെ ദൈവവുമായിട്ടുള്ള സംസർഗ്ഗത്തെ പ്രതിപാദിക്കുന്നു.

ലൂക്കോസ് 16:13 ഒരു ഭൃത്യന് ഒരു യജമാനനെ മാത്രമേ സേവിക്കുവാൻ കഴിയുകയുള്ളൂ. നാം ദൈവത്തെ നമ്മുടെ യജമാനനായി, കർത്താവായി, രക്ഷിതാവായി സ്വീകരിക്കുമ്പോൾ പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ എന്ന ത്രിത്വത്തെ അംഗീകരിക്കുന്നതായി തീരുന്നു. തന്റെ സൃഷ്ടിയെ ഏറെ സ്നേഹിക്കുന്ന പിതാവായ ദൈവം തമ്പുരാൻ അവന്റെ രക്ഷക്കായി സ്വപുത്രനെ കുരിശുമരണത്തിന് ഏൽപ്പിച്ചു കൊടുക്കുകയും, പുത്രന്റെ ഉയർപ്പിൽകൂടി ദൈവാത്മാവായ പരിശുദ്ധ റൂഹായെ കാര്യസ്ഥനായി; മനുഷ്യ നന്മക്കായി അയക്കുകയും ചെയ്യുന്നതായി പഠിക്കുന്നു.  ഇപ്രകാരം മനുഷ്യന്റെ രക്ഷക്കുതകുംവിധം, പിതാവ് തന്നെ പുത്രനിൽകൂടി പരിശുദ്ധാത്മാവിന്റെ നിറവിൽ മഹത്വീകരിക്കപ്പെടുന്നു.

പിതാവിലേക്കുള്ള വഴിയും സത്യവും ജീവനും പുത്രൻ തമ്പുരാനാകുന്നു. (യോഹ:14:16)  വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല " അപ്രകാരം പുത്രനെ നാം അറിയുമ്പോൾ പിതാവിനേയും അറിയുന്നവരായി നാം തീരുന്നു. കാരണം പിതാവിനെ ആരും കാണുന്നില്ല തന്നെ. പുത്രനെ കാണുന്നവൻ പിതാവിനെ കാണുന്നതായി യോഹന്നാന്റെ സുവിശേഷം ഉത്ഘോഷിക്കുന്നു. അതുകൊണ്ടുതന്നെ പുത്രന്റെ നാമത്തിൽ നാം നടത്തുന്ന യാചനകൾ ദൈവതിരുമുമ്പാകെ സ്വീകരിക്കപ്പെടുന്നു. നമ്മുടെ യാചനകൾ പുത്രൻതന്നെ പിതാവിന്

ബോധ്യപ്പെടുത്തുക ആവശ്യമാകുന്നു. പുത്രന് സ്വീകാര്യങ്ങളാകുന്ന യാചനകൾക്കേ മറുപടി ലഭിക്കുന്നുള്ളൂ. (യോഹ 9:31) ‘‘നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുക.’’ സ്നേഹത്തിന്റെ ഈ കൽപ്പനകൾ നാം പാലിച്ചാൽ പുത്രന്റെ നാമത്തിൽ നമ്മൾ യാചിക്കുന്നത് അവൻ പിതാവിൽ നിന്നും നമുക്ക് നേടിത്തരുന്നു. (യോഹ. 15:16)

ദൈവീക കൽപ്പനകൾ അനുസരിച്ച് നാം ജീവിക്കുമ്പോൾ നമ്മിൽ പരിശുദ്ധാത്മാവിന്റെ നിറവ് ഉണ്ടാകുന്നു. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുവാൻ തക്കവണ്ണം ഹൃദയത്തെ രൂപാന്തരപ്പെടുത്തുമ്പോൾ നമ്മുടെ യാചനകൾ സ്വർഗ്ഗത്തിന് സ്വീകാര്യപ്രദമായിത്തീരുന്നു. നമ്മുടെ യാചനകൾ ദൈവത്തിൽ വിശ്വസിച്ച് അവന്റെ നീതീകരണം തേടിയുള്ളതായിത്തീരുന്നു.

പരിശുദ്ധാത്മാവ് നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നു (റോമർ 8:26) പരിശുദ്ധാത്മാവിന്റെ നിറവിൽ നമ്മിൽ ഉരുത്തിരിയുന്ന പ്രാർത്ഥനകൾ, യാചനകൾ, ദൈവഹിതത്തിനനുസരിച്ചുള്ളതായിത്തീരുന്നു. അപ്രകാരം ദൈവഹിതത്തെ അന്വേഷിച്ചുള്ള പ്രാർത്ഥനയിൽ നാം ഉറ്റിരിക്കുമ്പോൾ ബലഹീനരായ നമ്മുടെ യാചനകൾക്ക് ഉടനെതന്നെ മറുപടിലഭിക്കുന്നു. (റോമർ 7:20) ‘‘ഞാൻ ഇച്ഛിക്കാത്തത് ചെയ്യുന്നെങ്കിൽ അത് ചെയ്യുന്നത് ഒരിക്കലും ഞാനല്ല. എന്നിൽ വസിക്കുന്ന പാപമാണ്.’’ പാപം നിറഞ്ഞ അവസ്ഥയിൽ നമ്മുടെ യാചനകൾ സ്വീകരിക്കപ്പെടാതെ പോകുന്നു. എന്നാൽ, സത്യാനുതാപത്തോടെ പരിശുദ്ധാത്മാവിന്റെ നിറവിൽ കർത്തൃ സന്നിധിയിൽ നടത്തുന്ന യാചനകൾ സ്വീകരിക്കപ്പെടുന്നു. മുടിയനായ പുത്രന്റെ തിരിച്ചു വരവിൽ പിതാവ് സന്തോഷത്തോടെ വിരുന്നൊരുക്കുന്നതായി നാം കാണുന്നു.

ഇപ്രകാരം പരിശുദ്ധാത്മാവിന്റെ നിറവിൽ പുത്രന്റെ ഇഷ്ടം അന്വേഷിച്ചറിഞ്ഞ്, ആ വാതിലിൽ മുട്ടി നാം പ്രാർത്ഥിക്കുമ്പോൾ നാം യാചിക്കുന്നവയെല്ലാം തന്നെ, പിതാവ് പുത്രനിൽക്കൂടി മഹത്വീകരിക്കപ്പെടേണ്ടതിന്, സ്വർഗ്ഗത്തിന് സ്വീകാര്യമായിത്തീരുകയും, നമ്മുടെ സന്തോഷം പൂർണ്ണമായിത്തീരുകയും ചെയ്യുന്നു.

(യോഹ. 15:7-10) ‘‘നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതുചോദിച്ചുകൊള്ളുക നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റേ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതുവഴി പിതാവ് മഹത്വപ്പെടുന്നു. ഞാൻ എന്റെ പിതാവിന്റെ കൽപ്പനകൾ പാലിച്ച് അവിടത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കും.’’

യോഹ 15:16 ‘‘നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തന്മൂലം, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്കു നൽകും.’’

✸✸✸

## *ശത്രുക്കളെ സ്നേഹിക്കുകയോ?*

***മത്തായി 26:53 "എന്റെ പിതാവിനോട് ഇപ്പോൾത്തന്നെ പന്ത്രണ്ടു ലെഗ്യോനിലും അധികം ദൂതൻമാരെ എന്റെ അരികിൽ നിർത്തേണ്ടതിനു എനിക്കുഅപേക്ഷിച്ചുകൂടാ എന്നുതോന്നുന്നുവോ? എന്നാൽ ഇങ്ങനെ സംഭവിക്കണം എന്ന തിരുവെഴുത്തുകൾക്ക് എങ്ങനെ നിവൃത്തിവരും എന്നു പറഞ്ഞു."***

പ്രസ്തുത വേദഭാഗത്ത് ദൈവമഹത്വീകരണത്തിനായി യേശു തന്നെത്തന്നെ ശത്രുക്കൾക്ക് വിട്ടുകൊടുക്കുന്നതായി കാണുന്നു. എല്ലാം മുൻകൂട്ടി അറിഞ്ഞുകൊണ്ടുതന്നെ പീഢാനുഭവത്തിനായി യേശു ഒരുങ്ങുന്നു. ഈ അനുഭവത്തിൽ വളരെയേറെക്ഷമയും സഹനവും നമുക്കുകാണാം. ഇപ്രകാരം ദൈവമഹത്വം വെളിപ്പെടേണ്ടതിനായി നാമും ക്ഷമയും സഹനവും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ക്രൂശീകരണത്തിനായി നമ്മുടെ സ്വയത്തെ സമർപ്പിച്ചുകൊണ്ട് നമ്മെ ഉപദ്രവിക്കുന്നവരെ, സഹായിക്കുവാൻ തക്കവണ്ണം സഹനത്തിൽ നാം വളരണം.

സഹനം നമ്മെ ദ്രോഹിക്കുന്നവരുടെ ബുദ്ധിയെകെടുത്തുന്നു. അവന് സഹനത്തിന്റെ ആഴമോ, വ്യാപ്തിയോ ദൈവീകതയോ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. സഹനം ദൈവീകതയാകുന്നു. സഹനം ദൈവത്തോടുചേർന്നിരിക്കുന്ന അനുഭവത്തിൽക്കൂടി മാത്രമേ സ്വായത്തമാക്കുവാൻ സാധിക്കുകയുള്ളൂ. കാരണം നമ്മുടെ സഹനത്തെ ഉൾക്കൊള്ളുന്നത് നമ്മിൽ വസിക്കുന്ന ദൈവാത്മാവാകുന്നു. യേശു കുരിശുമരണത്തിലൂടെ പിശാചിനെ ജയിച്ചിരിക്കുന്നു. അവനോടൊത്തുള്ള കൂട്ടായ്മയിൽ പിശാചിനെ ബന്ധിക്കുവാൻ നമുക്കും സാധിക്കും. (മർക്കോസ് - 2,5,9 അദ്ധ്യായങ്ങൾ)

സഹനം പിശാചുക്കളെ ലജ്ജിപ്പിക്കുന്നു. അവരെ അവരുടെ പദ്ധതിയിൽ വഴിതെറ്റിക്കുവാൻ സഹനം ഇടവരുത്തുന്നു. നമ്മെ ദ്രോഹിക്കുന്നവരോടു, നാം ക്ഷമിക്കുന്നതിൽക്കൂടി നമ്മുടെ പാപങ്ങളെ കർത്താവിൽ നിന്നും ഇളവുചെയ്തുകിട്ടുന്നു. അത് നമ്മെ കൂടുതൽ വിശുദ്ധിയിലേക്കു കൊണ്ടുപോവുകയും ദൈവാത്മാവിന്റെ പ്രവർത്തനം ശക്തമാക്കുകയും ചെയ്യുന്നു. കർത്തൃപ്രാർത്ഥനയിൽ കർത്താവ് ഈ സത്യം നമ്മെ പഠിപ്പിക്കുന്നു.

ക്ഷമയിൽക്കൂടി, സഹനത്തിൽക്കൂടി, ദൈവീകജ്ഞാനത്തിൽ വളരുവാൻ ദൈവം നമ്മെ സഹായിക്കുന്നു. നമ്മുടെ സ്വയത്തെ ദൈവ മഹത്ത്വത്തിനായി വിട്ടുകൊടുക്കുമ്പോൾ പരാതികളില്ലാതെ മുന്നോട്ടുപോകുവാൻ ശീലിക്കുന്നു. പരിഭവവും പരാതിയും നമ്മെ അസ്വസ്ഥരാക്കുന്നു. എന്നാൽ സഹോദരനുവേണ്ടി സഹിക്കുവാൻ നാം ശീലിക്കുമ്പോൾ, അവനുവേണ്ടി അവന്റെ സമാധാനത്തിനായി നാം സമാധാനം സ്വീകരിക്കുന്നു. നാം പ്രതികരിക്കാതിരിക്കുമ്പോൾ അവനിലെ പിശാച് പരിഭ്രമിക്കുന്നു. അവന് മുന്നോട്ട് പ്ലാൻ ചെയ്യുവാൻ സാധിക്കാതെ വരുന്നു. അവന്റെ ജീവിതം മാറ്റപ്പെടുവാൻ തക്കവണ്ണംവീണ്ടുവിചാരത്തിലേക്ക് തിരിയുന്നു.

(1 യോഹ. 4:16) ദൈവം സ്നേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു. ശത്രുവിനെ സഹിക്കുവാൻ സാധിക്കുന്നത് അവനെ സ്നേഹിക്കുവാൻ സാധിക്കുമ്പോഴാണ്. ദൈവം നമ്മിൽ വസിക്കുന്നുവെങ്കിൽ സ്നേഹത്തിലേക്കു കടക്കുവാൻ നമുക്ക് സാധിക്കും. കാരണം ദൈവം തന്റെ സൃഷ്ടികളെ തുല്യ അളവിൽ സ്നേഹിക്കുന്നു.

ദൈവസ്നേഹം നമ്മിൽ ദൈവീക ജ്ഞാനം ഉളവാക്കുന്നു. ദൈവീക ജ്ഞാനത്തിലൂടെ മറ്റുള്ളവരുടെ കുറവുകളെ തിരിച്ചറിയുവാനും അവരെ അതിൽനിന്നും മോചിപ്പിക്കുവാനും നമ്മുടെ പ്രാർത്ഥന സഹായിക്കുന്നു. സഹനത്തിലൂടെയും, ക്ഷമയിലൂടെയും സ്നേഹം പകർന്ന് ശത്രുവിന്റെ മനസ്സിനെ അവനിലെ പിശാചിനെ കീഴ്പ്പെടുത്തി അവനേയും ദൈവീക കരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുവാൻ തക്കവണ്ണം നമ്മെ ദൈവം ശക്തിപ്പെടുത്തി അനുഗ്രഹിക്കുന്നു.

***രക്ഷ ദുഷ്ടന്മാരൊട് അകന്നിരുന്നു. സങ്കീ 119:115***

ദൈവീക രക്ഷയിൽ എല്ലാവരേയും ഉൾപ്പെടുത്തുവാൻ തക്കവണ്ണം അവർക്കുവേണ്ടി സഹായിക്കുവാൻ ദൈവത്തെ അറിഞ്ഞ നമുക്ക് സാധിക്കണം. കുറവുകളെ മായിച്ചുകളയുവാനുള്ള ശക്തി ദൈവം നമ്മോടുകൂടി ഇരിക്കുന്ന അനുഭവത്തിൽ സാധിക്കുന്നു. ഇപ്രകാരം ദാവീദ് രാജാവ് പാടിയതുപോലെ (സങ്കീ.54-7) എന്റെ കണ്ണ് എന്റെ ശത്രുക്കളെ കണ്ട് രസിക്കും. നമ്മിൽ നിറഞ്ഞിരിക്കുന്ന ദൈവാത്മാവിന്റെ അനുഭവത്തിൽ പിശാചിന്റെ വീഴ്ചകണ്ട് നമ്മുക്കും രസിക്കാം. അങ്ങനെ സഹോദരങ്ങളുടെ രക്ഷയ്ക്കായി കൂടുതൽ സഹനത്തോടെ നമുക്ക് പ്രാർത്ഥിച്ച് മുന്നേറാം.

സുഭ 10-12
"വിദ്വേഷം കലഹം ഇളക്കിവിടുന്നു "
1. പത്രോസ് 4-8 സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു.

✵✵✵

## *ചിന്താവിഷയം - ദൈവഭക്തി*

പല സന്ദർഭങ്ങളിലും ദൈവഭക്തിയെ 'ലഹരി' എന്ന പദത്തിനോട് ചേർത്ത് ഉപയോഗിക്കുന്ന ഒരു അനുഭവം ഉണ്ടാകുന്നതായികാണുന്നു. എന്നാൽ അപ്രകാരമുള്ള ഒരു പദപ്രയോഗത്തിനോട് ഒരു യഥാർത്ഥ വിശ്വാസിക്ക് യോജിക്കാനാവുമെന്ന് തോന്നുന്നില്ല. ദൈവഭക്തി ഒരു ദൈവാനുഭവം ആകുന്നു. അത് സത്യത്തിലേയ്ക്ക്, യാഥാർത്ഥ്യത്തിലേയ്ക്ക് വിരൽചൂണ്ടുന്നു. 'ലഹരി' എന്ന വാക്ക് മാനസീക വിഭ്രാന്തിയോട് ചേർന്നു നിൽക്കുന്നു. ഇത് യഥാർത്ഥത്തിലുള്ള ഒരു വിടുതൽ മാത്രമാകുന്നു. (ഇവിടെ ലഹരിക്കടിമപ്പെടുന്ന വ്യക്തി വേറെ ഒരാളായി മാറുന്നു. ഉദാ : ഒരു കള്ളുകുടിയൻ). ദൈവഭക്തി ജ്ഞാനത്തിന്റെ ആരംഭം എന്നാണല്ലോ ബൈബിൾ നമ്മെപഠിപ്പിക്കുന്നത്.(സങ്കി. 111.10) ഭക്തി ജ്ഞാനത്തെ എങ്ങനെ വെളിവാക്കിത്തരുന്നുവെന്ന് നമുക്ക് നോക്കാം.

മനുഷ്യർ ഇരുട്ടിൽ നടക്കുമ്പോൾ, അല്ലെങ്കിൽ അന്ധകാരത്തിൽ ഇരിക്കുമ്പോൾ കോപം, അസൂയ,പക,വിദ്വേഷം, കരുതലില്ലായ്മ ഇവയ്ക്ക് അടിമപ്പെട്ടുപോകുന്നു ദൈവീകഭാഷയിൽ ഇത് പൈശാചികതയുടെ ഭാഗമാകുന്നു. ഈ ഇരുട്ടിനെമറികടന്ന് വെളിച്ചത്തിലേക്ക് നമ്മൾ നടക്കുമ്പോൾ ദൈവത്തെകാണാൻ സാധിക്കുന്നു. ദൈവം എന്നാൽ വെളിച്ചം എന്നാണല്ലോ. സംശയിക്കേണ്ടതുമില്ല. യേശു പറയുന്നു ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു''. ദൈവത്തെ അന്വഷിക്കുന്ന ഒരു പ്രക്രിയ ആകുന്നു ദൈവഭക്തി. ദൈവത്തെ കാണുമ്പോൾ ആ അനുഭവത്തിലേയ്ക്കു കടക്കുമ്പോൾ നാം മറ്റെല്ലാം മറന്നുപോകുന്നു. കാരണം ദൈവം ജീവനാകുന്നു. ആ ജീവനെ മറികടന്നുകൊണ്ടുള്ള ഒരു അനുഭവം ഇല്ലാത്തതാകുന്നു. യോഹ. 1-ാം അദ്ധ്യായത്തിൽ വചനമാകുന്ന ദൈവത്തെ ഉത്ഘോഷിച്ചിരിക്കുന്നു. ഈ വലിയ സത്യവും വെളിച്ചവും നമ്മൾ കണ്ടെത്തുമ്പോൾ ദൈവകൃപയുടെ അനുഭവത്തിൽ മറ്റെല്ലാം തന്നെ നമ്മുടെ ചിന്തയിൽ നിന്നും അകന്നുപോകുന്നു. ഇവിടെ ദൈവവുമായിട്ടുള്ള ഒത്തുചേരൽ മാത്രം. എന്നാൽ ലോകത്തിന് ഇത് ഉൾക്കൊള്ളുവാൻ സാധിക്കുകയില്ല. കാരണം ലോകം മോഹങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ലോകമോഹങ്ങൾ നമ്മെ ദൈവത്തിൽ നിന്നും അകറ്റി പിശാചിന്റെ തന്ത്രങ്ങൾക്ക് അടിമപ്പെടുത്തുന്നു. ഈകാരണങ്ങൾ കൊണ്ടുതന്നെ ദൈവത്തിൽ മാത്രം ആശ്രയിച്ച് വിശ്വസിച്ച് കഴിയുന്ന വ്യക്തിയെ കാണുമ്പോൾ ലോകം അതിന്റെ കണ്ണിൽകൂടി അതിനെ ഒരു ലഹരിയായി വിശേഷിപ്പിക്കുന്നു. ഇത് ആത്മീയതയിൽ നിന്നും അകന്നുള്ള ഒരു പ്രഖ്യാപനം ആകുന്നു.

എല്ലാം തികഞ്ഞിരിക്കുന്ന അവസ്ഥയിൽ ദൈവത്തെ വിളിക്കുന്ന അനുഭവം വളരെ ചുരുക്കമായി മനുഷ്യമക്കളിൽ കാണുന്നു. വിഷമതകൾ, വേദനകൾ മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുന്നു. കാരണം ദൈവത്തിനു നീക്കുപോക്കുനടത്താൻ കഴിയാത്തവ ദൈവീക ശക്തിയിൽ നടത്തിക്കിട്ടുന്നു. ദൈവീക സമാധാനവും, സന്തോഷവും അനുഭവപ്പെടുന്നു. ദൈവീക സ്വാതന്ത്ര്യം പ്രാപിക്കുന്നു. ഈ അനുഭവത്തെ അറിയുവാൻ പരിശ്രമിക്കുന്നു. ഈ സത്യത്തെ ലോകത്തിലെ ഒരു ശക്തിക്കും നിഷേധിക്കുവാൻ സാധിക്കുകയില്ല.

ഇപ്രകാരം വേദനകൾ (ശാരീരിക - മാനസീക- ആത്മീയ വേദനകൾ) മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുന്നു. (സങ്കീ. 30.11) ൽ പറയുന്നു. ''നീ എന്റെ വിലാപത്തെ നൃത്തമാക്കി തീർത്തു''. (യോഹ. 8 .32) (ക്രസ്തീയ സാക്ഷ്യം എന്ന പുസ്തകത്തിൽ ഇത് വിവരിച്ചിരിക്കുന്നു.) ദൈവീക ദർശനത്തിൽ വേദനകൾ നാം സന്തോഷത്തോടെ സ്വീകരിക്കുന്നു. കാരണം ക്രൂശിലെ വേദനകൾ പങ്കുവെയ്ക്കുവാൻ നാം ഒരുങ്ങുമ്പോൾ കർത്താവ് നമ്മിൽ നിറയുകയും സ്വർഗ്ഗീയ അനുഭവം നമ്മിലേയ്ക്ക് ഒഴുകുകയും ചെയ്യുന്നു. യേശു പറയുന്നു എന്റെശിഷ്യനാകുവാൻ ആഗ്രഹിക്കുന്നവൻ സ്വന്തം ക്രൂശെടുത്ത് എന്റെ പിന്നാലെ വരിക.

ഈ കാരണങ്ങൾ കൊണ്ടു തന്നെ ഭക്തിയെ ലഹരിയായി വിശേഷിപ്പിക്കുവാൻ പാടില്ലാത്തതാകുന്നു. കർത്താവ് ക്രൂശീൽ അനുഭവിച്ച വേദനകൾ പിതാവിനോടുള്ള സ്നേഹത്തിൽ നിന്നും ഉതിർന്നു വന്നതാകുന്നു. മറിച്ച് ആ അനുഭവം ഒരു ലഹരിയല്ലായിരുന്നു. മനുഷ്യന്റെ ദൈവത്തോടു ചേരുവാനുള്ള അത്യധികമായ ആഗ്രഹം ആത്മീയ നിറവിലേയ്ക്കു കൈചൂണ്ടുന്നു.

കർത്താവ് പിതാവിനു വേണ്ടി സഹിച്ച വേദനകൾ - ആഭക്തി ഒരു ലഹരിയായിരുന്നുവോ? അദ്ധ്വാനിക്കുന്നവനും ഭാരം ചുമക്കുന്നവരുമെ എന്റെ അടുത്തുവരിക. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം (മത്തായി 11. 28) എന്ന ദൈവവചനം ഒരു ലഹരിയുടെ ഭാഷയായിരുന്നുവോ ? ചിന്തിക്കേണ്ടിയിരിക്കുന്നു. വേദനകൾ മാത്രം അനുഭവിച്ച് മരിച്ച് ജീവിക്കുന്ന പാവപ്പെട്ടസഹോദരങ്ങളെ ഭകതിയുടെ ലഹരി എന്ന പദം ഉപയോഗിച്ച് നാം വേദനപ്പെടുത്തേണ്ടതുണ്ടോ ? ചിന്തിക്കുക. അവരുടെ വേദനകൾ കർത്താവിൽ സമർപ്പിച്ചുകൊള്ളട്ടേ. ദൈവീക അനുഭവങ്ങൾ വേദന അനുഭവിക്കുന്നവർക്കുള്ളതാകുന്നു.

(ഇശയ്യ. 53 -4) ''അവൻ നിന്ദിക്കപ്പെട്ടു നാം അവനെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻചുമന്നത്''

ചിന്തിക്കുക - കർത്താവിനെ സ്നേഹിക്കുന്നവൻ കർത്താവിനെപോലെ വേദനകൾ സ്വീകരിക്കുവാൻ കടപ്പെട്ടവരല്ലയോ? ആ ഉയർപ്പിന്റെ അനുഭവം നമുക്കു സ്വായത്തമാക്കണമെങ്കിൽ നാമും അവനോട് ചേർന്ന് ദൈവഭക്തിയിൽ ജീവിക്കേണ്ടതാകുന്നു. നാം നമ്മെ സ്വയം നഷ്ടപ്പെടുത്താതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുക.

✸✸✸

## ജീവന്റെ അപ്പം

***''യോ.ഹ 6.35. യേശു അവരോടു പറഞ്ഞു, ഞാനാണ് ജീവന്റെ അപ്പം . എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയില്ല,''***

നമ്മിൽ ദേഹിക ജീവനും ദൈവീക ജീവനും കുടികൊള്ളുന്നു. ദേഹിക ജീവൻ ശരീരത്തോടും, ദൈവീക ജീവൻ ആത്മാവിനോടും ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജനനം തന്നെ ദൈവത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. (സങ്കീ. 127.3) നമ്മുടെ ജനനം ദൈവഹിതം അനുസരിച്ചാകുന്നു. ഈ ലോകജീവിതത്തിൽ തന്നെ നാം നമ്മുടെ ദൈവത്തോട്, തന്റെ സൃഷ്ടാവിനോട് ചേർന്ന് ദൈവീക ജീവൻ ഉൾക്കൊണ്ട് ദൈവഹിതത്തിന് അനുസൃതമായി ജീവിക്കേണ്ടിയിരിക്കുന്നു.

ദേഹിക ജീവൻ നമ്മിൽ ഉരുവാകണമെങ്കിൽ പാപമോചനം പ്രാപിക്കേണ്ടത് ആവശ്യമാകുന്നു. പാപമോചനത്തിലൂടെ ശുദ്ധീകരണവും, നീതീകരണവും നമ്മിൽ ഭവിക്കുകയും, നമ്മിൽ ദൈവീക ജീവൻ കൂടുതലായി നിറയുകയും ചെയ്യുന്നു. ക്രസ്തുവിനെ നമ്മുടെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ മാത്രമേ ഇപ്രകാരം നമ്മിൽ സംഭവിക്കുകയുള്ളു ക്രസ്തുവിനെ സ്വീകരിക്കുക എന്ന അനുഭവം മാമ്മോദീസായിൽ കൂടി മാത്രം അനുഭവവേദ്യമാകുന്നില്ല. എന്നാൽ ക്രസ്തു യേശുവിന്റെ വചനങ്ങളിൽ അടിയുറച്ച് വിശ്വസിച്ച് ജീവിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുവാൻ തുടങ്ങുന്നു.

യേശു നമ്മുടെ പാപങ്ങളെ പരിഹാരത്തിനായി, ലോകത്തിന്റെ രക്ഷയ്ക്കായി കുരിശിൽ തൂക്കപ്പെട്ട് മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു. ഉയർപ്പിന്റെ ഈ അനുഭവത്തിൽ ദൈവത്തിൽ നിന്നും ഉള്ള ജീവന്റെ അംശം ആകുന്നു ജീവന്റെ അപ്പം. ജീവന്റെ അനുഭവം നമ്മിൽ വളരുവാൻ ദൈവത്തോടും,അവന്റെ വചനത്തോടും ചേർന്ന് ആവശ്യമാകുന്നു.

ലോകം, ശരീരം,പിശാച് എന്നിവയിൽ നിന്നുള്ള മോചനത്തിൽ കുടി ദൈവാത്മാവ് നമ്മിൽ കൂടുതലായിനിറയുന്നു. അപ്രകാരം ലോക ചിന്തകൾ വെടിഞ്ഞ് ദൈവാത്മാവോട്ചേർന്ന് ഇരിക്കുമ്പോൾ ദൈവ മഹത്വം ദർശിക്കുവാനുള്ള ഭാഗ്യം ലഭിക്കുന്നു. ദൈവ മഹത്വം ദർശനത്തിൽ, ആ സത്യത്തിന്റെ തിരിച്ചറിവിൽ ദൈവക്രപയ്ക്കായി നാം കൂടുതലായി ആഗ്രഹിക്കുകയും ദൈവീകസ്നേഹം നമ്മിൽ വളരുകയും ചെയ്യുന്നു. (മക്കോസ. 4 21. 25) ആരും വിളക്കുകൊളുത്തി പാത്രം കൊണ്ടു മൂടുകയോ, കട്ടിലിനടിയിൽ വയ്ക്കുകയോ ചെയ്യുന്നില്ല. മറിച്ച് അകത്ത് പ്രവേശിക്കുന്നവർക്ക് വെളിച്ചം കാണാൻ അത് പീഠത്തിൻമേൽവെയ്ക്കുന്നു.

ക്രസ്തു നമ്മിൽ വസിക്കുന്ന അനുഭവത്തിൽ ദൈവാത്മാവിൽ തുടർച്ചയായി അഭിഷേകം ചെയ്യപ്പെടുന്നു. ദൈവാത്മാവിന്റെ അഭിഷേകത്തിൽ കൂടി ദൈവത്തിന്റെ സാരാംശം നമ്മിൽ കൂടുതലായി നിറയുകയും നമ്മെ ദൈവത്തോട്കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്നു. (യോഹ. 6. 33 , യോഹ 7.38 ) "എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്നും ജീവജലത്തിന്റെ അരുവികൾ ഒഴുകും" ദൈവത്തോടുള്ള കൂടുതൽ അനുഭവത്തിൽ ദൈവത്തെ തിരിച്ചറിയാൻ ഇടവരുത്തുന്നു.

ദൈവഹിതം ദൈവത്തിന്റെ ആഗ്രഹമാകുന്നു. അത് മനുഷ്യനെ ദൈവത്തോട് കൂടുതൽ ചേർക്കുന്നതിന് അടിസ്ഥാനപ്പെട്ടിരിക്കുന്നു. ദൈവഹിതം അറിയുവാൻ ഇടയാകുമ്പോൾ ദൈവമഹത്വത്തിന്റെ ദർശനത്തിന്റെവെളിച്ചത്തിൽ നാം ക്രസ്തുവിനോട് ചേർന്ന് പിശാചിനോട് പോരാടുവാനും ദൈവകൃപയിൽ അവനെ ജയിക്കുവാനും ഇടയാകുന്നു. പിശാചിന്റെ അടിമത്വത്തിൽ പാപം ജനിക്കുന്നു. പാപത്തിന്റെ ശമ്പളം മരണമത്രേ. (റോമർ 6.22) പിശാചിനോട് ചേർന്നുള്ള അനുഭവത്തിൽ നമ്മിലെ ദൈവീക ജീവൻ നിലച്ചുപോകുകയും നാം നിത്യ മരണത്തിലേയ്ക്കു നടക്കുകയും ചെയ്യുന്നു.

ഇപ്രകാരം യേശുവിനോട് ചേർന്ന് ദൈവത്തിന്റെ സാരാംശം ഉൾക്കൊണ്ട് ജീവിക്കുമ്പോൾ പുനരുദ്ധാനത്തിന്റെ അനുഭവം നമ്മിൽ ഉരുവാകുകയും ജീവന്റെ അനുഭവം കൂടുതലായി വളർന്നു നിത്യമായ ജീവൻ ലോകത്തിന് മുഴുവനേയും അനുഭവവേദ്യമായിത്തീരുന്നു.

അപ്പോ 1.8. "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ഭൂമിയുടെ അതിർത്തി വരേയും നിങ്ങൾ എനിക്കുസാക്ഷികളായിരിക്കുകയും ചെയ്യും."

✱✱✱

# LIVING IN CHRIST

Man is a social animal.  He cannot live without an interaction with fellow beings. Living in society in harmony is an art. Our life seems to be success when we do our part well.  Then how can we attain this ?

Today the world has put forward a lot of tatics to satisfy the need of man to live successfully and harmoniously.  But it has only been developed to the level of business.  But we barely knew that we can attain this with true faith in Christ and the Holy bible.

In the preaching of Christ, we can see him as a loving son, a brother, a teacher, a father and as a good psychologist.  As the Son of Almighty, Christ was highly disciplined (Lu 2.52) “And Jesus increased in wisdom and stature and in favour with God and Man. Jesus Christ was as obedient and very disciplined child for the parents joseph and mary”.

Christ was good teacher.  He could draw crowds in large number of thousands and thousands.  They being every much immersed  in his teachings they often forgot their state of hunger.  Thus where Jesus was tempted of evil he answered “Man shall not live by bread alone, But by every word of God. (Lu 9.16) He took the five loaves and the two takes and looking up to heaven  he blessed them and break and gave to disciples to set before the multitude”. Jesus Christ shall be brother also (Lu 8.21 ) He answered and said unto them,  “My mother and My brethren and these which hear the word of God and do it”

Jesus Christ is a good psychiatrist, He has the healing ministry (Lu 5-17-24 Lu 8. 26-35) He could heal the people with the divine power in him from the Father Almighty.

As we go on reading the teachings of St. Paul to Romans, we come across the way we could live in this world without stress or strain.

Stress and strain are man made. When we are too ambitions, we spend more energy physically and mentally to attain the same. Christ has taught us that we should go in for what we really need for the day (Lu 11.2-4)

(Romans 8-6, 10-13) “To be carnally minded is death; but yo be spiritually  minded is life and peace”. If Christ be in you, the body is dead because of sin, but the spirit is alive because of righteousness. “For if ye live after the flesh, ye shall die, but if ye through the spirit do mortify the deeds of the body ye shall live”.

So if we want the real peace, we should be living in Christ. We should allow ourselves to be destined to his will.

God as a creator has definite plans. His ultimate aim is that man attains eternal life and peace. So when we learn to live in love with our fellow beings, we enjoy life and peace.

Our belief in Christ and his preaching will be helping us to overcome the worldly hurdles we face everyday. The negatives of life has to be overlooked through Christ and we followers of Christ must be very much aware of how Christ was glorified by father after crurification (Romans 9.17) “And if Children, then heirs: heirs of God and joint heirs with Christ, if so be that we suffer with him, that we may be also glorified together”.

Thus as we live with Christ, looking into the affairs of the world through his eyes, hearing through his ears, speaking through his mouth, we will be very well living in harmony with our fellow beings and even in the midst of negatives, we could live with the peace of mind and that with Christ alone.

Living can be made an art when we live in Christ and when we follow his commandment. (Mark 12.30) “And thou shalt love thy Lord thy God with all thy heart, with all thy soul and with all thy strength. This is the first commandment. The second one is thou shalt love thy neighbor as thyself.

When we set our mind to follow these commandments we could live without any aversion, hatred, Jealousy, idolatry or vangance (Galatians 5.19-24) Without these negatives in ourselves, we feel free to love and respect our fellow human beings and that everyone is equal before God.

So when we have a mind to help others, we will be receiving help from Almighty. When we are ready to serve others in need, God is set to serve us in our needs, when we receive the hardships of life to the will of God, our soul receives the strength to with stand the circumstances, when we love and pray for our enemies, they will be loving us as time passes on. And that with Jesus Christ as our saviour, we see life in this world as an illusion and when we learn the truth and essence of his life, we are set to be free from all the crisis of this world. (John 8.32-36)

When we live in Christ, holy spirit guides us and we are free from the Satan and worldly things and that brings to us complete and eternal freedom with Jesus Christ. Ultimate aim of being in Jesus Christ is redemption from sin and condemnation into hell, so that soul of every one glorifies God almighty and attains eternal life. This is the true purpose of being born as a human being, the highest level of all creations in the world.

✷✷✷